15
2022
ജനുവരി
ശനി
മകരം 1

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 222 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-222 പേജ് 4. വില 2.00 രൂപ








02 കോവിഡ്:നിയന്ത്രണങ്ങളുമായി സർക്കാർ

03 കേരളത്തിൽ പിടിവിട്ട് കോവിഡ്; ടിപിആർ 23.68

04 മുഖ്യമന്ത്രി വിളിച്ചു, ഗവർണറുടെ പിണക്കം മാറി


# ബിഷപ് ഫ്രാങ്കോ കുറ്റവിമുക്തൻ

കോട്ടയം: കന്യാസ്ത്രീ നൽകിയ പീഡന പരാതിയിൽ ബിഷപ് ഫ്രാങ്കോ മുളയ്ക്കൽ കുറ്റവിമുക്തൻ. കോട്ടയം അഡീഷണൽ സെഷൻസ് കോടതി ജഡ്ജി ജി. ഗോപകുമാറാണ് കേസിൽ വിധി പറഞ്ഞത്.

ബിഷപ് ഫ്രാങ്കോയ്ക്കെതിരെ ചുമത്തിയ കുറ്റങ്ങൾ നിലനിൽക്കില്ലെന്ന് കോടതി നിരീക്ഷിച്ചു. വിധി കേട്ടതിനു ശേഷം ദൈവത്തിനു സ്തുതിയെന്നു പ്രതികരിച്ച ബിഷപ് കോടതി മുറിക്കു പുറത്തിറങ്ങിയതിനു ശേഷം പൊട്ടിക്കരഞ്ഞു.

കേസിൽ വിധി പനറയുന്നതിൻറെ പശ്ചാത്തലത്തിൽ കോടതിക്കു സമീപം വൻ സുരക്ഷാ സന്നാഹങ്ങളാണ് പോലീസ് ഏർപ്പെടുത്തിയിരുന്നത്. ബാരിക്കേഡുകൾ ഉയർത്തുകയും കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ കോടതി പരിസരത്തു വിന്യസിക്കുകയും ചെയ്തിരുന്നു. ബോംബ്, ഡോഗ് സ്ക്വാഡുകളും കോടതിയിലെത്തി പരിശോധന നടത്തിയിരുന്നു.

വിധി കേൾക്കുന്നതിനായി കോട്ടയത്തെ വിചാരണ കോടതിയിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കൽ രാവിലെ തന്നെ എത്തിയിരുന്നു.പിൻവാതിൽ വഴിയാണ് ബിഷപ്പ് കോടതിയിൽ പ്രവേശിച്ചത്. തിരിച്ചറിയൽ രേഖകൾ പരിശോധിച്ചശേഷമാണ് ജീവനക്കാരെയും കോടതിയിലേക്ക് കടത്തിവിട്ടത്. 105 ദിവസത്തെ വിസ്താരത്തിന് ശേഷമാണ് കോടതി വിധി പറഞ്ഞത്.



കന്യാസ്ത്രീ നൽകിയ പരാതിയിൽ ജലന്ധർ ബിഷപ് ഡോ. ഫ്രാങ്കോ മുളയ്ക്കൽ കുറ്റവിമുക്തനാണന്ന കോടതിയുടെ വിധി വന്നപ്പോൾ ബിഷപ് ഫ്രാങ്കോ പിന്നീടുന്നത് മൂന്നു വർഷത്തിലേറെ നീണ്ട പോരാട്ടം.

കോട്ടയം ജില്ലാ അഡീഷനൽ സെഷൻസ് കോടതി ജഡ്ജി ജി. ഗോപകുമാറാണ് വിധി പറഞ്ഞത്. മിഷനറീസ് ഓഫ് ജീസസ് സന്യാസ സഭാംഗവും കുറവിലങ്ങാട് നാടുകുന്ന് മഠത്തിലെ അന്തേവാസിയുമായ കന്യാസ്ത്രീ നൽകിയ പരാതിയിലാണു കുറവിലങ്ങാട് പോലീസ് കേസ് രജിസ്റ്റർ ചെയ്തത്. 2014 മുതൽ 2016 വരെയുള്ള കാലയളവിൽ ഡോ. ഫ്രാങ്കോ മുളയ്ക്കൽ കന്യാസ്ത്രീയെ പീഡിപ്പിച്ചെന്നായിരുന്നു പ്രോസിക്യൂഷൻ കേസ്.

വിധി കേട്ടതിനു ശേഷം വികാര നിർഭരനായ ബിഷപ് കോടതിക്കു പുറത്തിറങ്ങി തൻറെ അഭിഭാഷകരെ ആലിംഗനം ചെയ്തു പൊട്ടിക്കരഞ്ഞു. വിധി കേട്ടതിനു ശേഷം ദൈവത്തിനു സ്തുതി എന്നാണ് ബിഷപ് പറഞ്ഞത്.

ബിഷപ് ഡോ. ഫ്രാങ്കോ മുളയ്ക്കലിനെ രാവിലെ ഒന്പതിനു തന്നെ കോടതിയിലെത്തിച്ചിരുന്നു. പീഡനം, തടഞ്ഞുവയ്ക്കൽ, ഭീഷണിപ്പെടുത്തൽ ഉൾപ്പെടെ ഏഴു വകുപ്പുകളാണു ബിഷപ് ഫ്രാങ്കോയ്ക്കെതിരെ ചുമത്തിയത്.

2,000 പേജുള്ള കുറ്റപത്രത്തിൽ അഞ്ചു ബിഷപ്പുമാർ, 11 വൈദികർ, 25 കന്യാസ്ത്രീകൾ, ഏഴു മജിസ്ട്രേട്ടുമാർ എന്നിവർ ഉൾപ്പെടെ 89 സാക്ഷികളാണുണ്ടായിരുന്നത്. 10 പേരുടെ രഹസ്യമൊഴിയും രേഖപ്പെടുത്തി. ഒരു സാക്ഷി പോലും കേസിൽ കൂറുമാറിയില്ല.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി, പഞ്ചാബിലെ ഭഗത്പുർ ബിഷപ് ഡോ. കുര്യൻ വലിയകണ്ടത്തിൽ, ഉജ്ജയിൻ ബിഷപ് സെബാസ്റ്റ്യൻ വടക്കേൽ, പാലാ രൂപത വികാരി ജനറൽ ഫാ. ജോസഫ് തടത്തിൽ തുടങ്ങി 39 സാക്ഷികളെ വിസ്തരിച്ചു. ഇരയായ കന്യാസ്ത്രീയെ 12 ദിവസം വിസ്തരിച്ചു. 122 പ്രമാണങ്ങളും നാലു തൊണ്ടിമുതലുകളും ഹാജരാക്കി.

പ്രതിഭാഗത്തുനിന്ന് ആറു സാക്ഷികളെയും വിസ്തരിച്ചു. 105 ദിവസത്തെ വിസ്താരത്തിനു ശേഷമാണ് കേസിൽ വിധി വരുന്നത്. പ്രോസിക്യൂഷനു വേണ്ടി സ്പെഷൽ പ്രോസിക്യൂട്ടർ ജിതേഷ് ജെ. ബാബുവും സുബിൻ കെ. വർഗീസും പ്രതിഭാഗത്തിനു വേണ്ടി അഭിഭാഷകരായ കെ. രാമൻപിള്ള, സി.എസ്. അജയൻ എന്നിവരുമാണു ഹാജരായത്.

2018 ജൂണിലാണ് കേസ് റജിസ്റ്റർ ചെയ്യുന്നത്. വൈക്കം മുൻ ഡിവൈഎസ്പി കെ.സുഭാഷിൻറെ നേതൃത്വത്തിൽ അന്വേഷണം നടത്തിയ കേസിൽ 2018 സെപ്റ്റംബർ 21ന് ഫ്രാങ്കോയെ അറസ്റ്റ് ചെയ്തു. 25 ദിവസത്തെ ജയിൽവാസത്തിനു ശേഷം ജാമ്യം ലഭിച്ചു.

പാലാ ഒന്നാം ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയിൽ വിചാരണ ആരംഭിച്ചെങ്കിലും പിന്നീട് കോട്ടയത്തെ ജില്ലാ അഡീഷനൽ സെഷൻസ് കോടതിയിലേക്കു മാറ്റുകയായിരുന്നു. നടപടികൾ റിപ്പോർട്ട് ചെയ്യുന്നതിനു മാധ്യമങ്ങൾക്കു കോടതിയുടെ വിലക്കുണ്ടായിരുന്നു.

വിധി പ്രഖ്യാപനം കേട്ട ശേഷം വികാരഭരിതനായ ബിഷപ് ഡോ. ഫ്രാങ്കോ മുളയ്ക്കൽ ദൈവത്തിനു സ്തുതി എന്നാണ് പറഞ്ഞത്. തൻറെ അഭിഭാഷകരെ കെട്ടിപ്പിടിച്ചു പൊട്ടിക്കരഞ്ഞു കൊണ്ടാണ് തൻറെ നന്ദി പ്രകടമാക്കിയത്.

വിധി കേട്ടതിനു ശേഷം നിരവധി പേരാണ് ബിഷപിനു പിന്തുണയുമായി എത്തിയത്. വിവിധയിടങ്ങളിൽനിന്നു കോടതി പരസരത്തു വിശ്വാസികൾ എത്തിച്ചേർന്നിരുന്നു. ലഡു അടക്കമുള്ള മധുര വിതരണവും കോടതി പരിസരത്തു നടത്തി.

## സ്കൂളുകൾ അടയ്ക്കുന്നു; ഒൻപതാം ക്ലാസ് വരെ ഓൺലൈൻ പഠനം

തിരുവനന്തപുരം: സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ സ്കൂളുകൾ അടയ്ക്കാൻ സർക്കാർ തീരുമാനിച്ചു. ഒൻപതാം ക്ലാസ് വരെയാണ് ഓൺലൈൻ പഠനത്തിലേക്ക് വീണ്ടും മാറുന്നത്. ഇന്ന് ചേർന്ന അവലോകന യോഗമാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്.

പത്താം ക്ലാസിനും ഹയർ സെക്കൻഡറിക്കും നിയന്ത്രണങ്ങളോട് ക്ലാസുകൾ തുടരാം. രണ്ടാഴ്ചത്തേക്കാണ് പുതിയ നിയന്ത്രണം. ഇതിന് ശേഷം സാഹചര്യം വിലയിരുത്തി തീരുമാനമെടുക്കാനാണ് സർക്കാർ



ആലോചിക്കുന്നത്.

സ്കൂൾ അടയ്ക്കാനുള്ള തീരുമാനം ഒഴിച്ചാൽ മറ്റ് മേഖലകളിലൊന്നും നിയന്ത്രണങ്ങൾ ഇല്ല. രാത്രി കർഫ്യൂ, വാരാന്ത്യ ലോക്ഡൗൺ എന്നിവയൊന്നും തത്കാലം വേണ്ടെന്നാണ് അവലോകന യോഗം തീരുമാനിച്ചത്.

## ഒമിക്രോൺ തരംഗത്തിൽ മരിച്ചവരിൽ കൂടുതലും വാക്സിൻ സ്വീകരിക്കാത്തവർ

ന്യൂഡൽഹി: ഒമിക്രോൺ തരംഗത്തിൽ മരിച്ചവരിൽ ഏറിയ പങ്കും വാക്സിൻ സ്വീകരിക്കാത്തവരെന്ന് ഡൽഹി ആരോഗ്യ വകുപ്പ് മന്ത്രി സത്യേന്ദർ ജയിൻ. ജനുവരി ഒൻപതിനും 12നും ഇടയിൽ മരിച്ച 97 പേരിൽ 70 പേരും വാക്സിൻ സ്വീകരിച്ചിട്ടില്ലാത്തവരും 19 പേർ ഒരു ഡോസ് വാക്സിൻ മാത്രം സ്വീകരിച്ചവരും എട്ടു പേർ രണ്ടു ഡോസ് വാക്സിനും സ്വീകരിച്ചവരും ആയിരുന്നു.

പൂർണമായും വാക്സിൻ സ്വീകരിച്ചവരിൽ പലരും മറ്റു ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും 18ന് വയസിന് താഴെ പ്രായമുള്ള ഏഴ് രോഗികൾ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവരും ആയിരുന്നു. മരിച്ചവരിൽ 75 ശതമാനത്തിലും അധികം പേർ ഒരു ഡോസ് വാക്സിൻ പോലും എടുത്തവർ ആയിരുന്നില്ല.

ഡൽഹിയിൽ വ്യാഴാഴ്ച 28,867 കോവിഡ് കേസുകളും 31 മരണവും റിപ്പോർട്ട് ചെയ്തു.

## എട്ട് സീറ്റ് കാറിൽ ആറ് എയർബാഗുകൾ; കരട് വിജ്ഞാപനത്തിന് അംഗീകാരം

ന്യൂഡൽഹി: എട്ട് യാത്രക്കാർക്ക് വരെ സഞ്ചരിക്കാവുന്ന വാഹനങ്ങളിൽ കുറഞ്ഞത് ആറ് എയർബാഗുകൾ നിർബന്ധമെന്ന് കേന്ദ്രസർക്കാർ. ഇതുമായി ബന്ധപ്പെട്ട കരട് വിജ്ഞാപനത്തിന് കേന്ദ്രസർക്കാർ അംഗീകാരം നൽകി.

യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് പരിഷ്കാരമെന്ന് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി നിതിൻ ഗഡ്കരി ട്വീറ്റ് ചെയ്തു. 2019ലാണ് നാലു ചക്രവാഹനങ്ങളിൽ ഡ്രൈവർക്ക് എയർബാഗ് നിർബന്ധമാക്കിയത്. ഡ്രൈവർ സീറ്റിൽ എയർബാഗ് ഘടിപ്പിച്ച വാഹനങ്ങൾ മാത്രമേ ഇറങ്ങാൻ അനുവദിക്കൂ എന്നായിരുന്നു 2019 ജൂലൈയിൽ പുറത്തിറങ്ങിയ വിജ്ഞാപനത്തിൽ പറയുന്നത്.

2022 ജനുവരി ഒന്നുമുതൽ ഡ്രൈവറുടെ അരികിലുള്ള സീറ്റിൽ ഇരിക്കുന്നവരുടെ കൂടി സുരക്ഷ ഉറപ്പാക്കാൻ എയർബാഗ് ഘടിപ്പിച്ച വാഹനങ്ങൾ മാത്രമേ പുറത്തിറക്കാൻ അനുവദിക്കുന്നുള്ളൂ.

## കോവിഡ്; ശനി, ഞായർ ദിവസങ്ങളിലെ 12 ട്രെയിനുകൾ റദ്ദാക്കി

തിരുവനന്തപുരം: കോവിഡ് നിയന്ത്രണങ്ങളുടെ ഭാഗമായി ശനി, ഞായർ ദിവസങ്ങളിൽ 12 ട്രെയിനുകൾ ദക്ഷിണ റെയിൽവേ റദ്ദാക്കി. തിരുവനന്തപുരം ഡിവിഷനിലെ നാല് ട്രെയിനുകളും പാലക്കാട് ഡിവിഷനുകളിലെ എട്ട് ട്രെയിനുകളുമാണ് റദ്ദാക്കിയത്.

റദ്ദാക്കിയ ട്രെയിനുകൾ

ട്രെയിൻ നമ്പർ 16366 നാഗർകോവിൽ കോട്ടയം എക്സ്പ്രസ്

ട്രെയിൻ നമ്പർ 06431 കോട്ടയം കൊല്ലം അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06425 കൊല്ലം തിരുവനന്തപുരം സെൻട്രൽ അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06435 തിരുവനന്തപുരം സെൻട്രൽ നാഗർകോവിൽ അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06023/06024 ഷൊർണൂർ കണ്ണൂർ ഷൊർണൂർ അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06477/06478 കണ്ണൂർ മംഗലാപുരം സെൻട്രൽ കണ്ണൂർ അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06481/06469 കോഴിക്കോട് കണ്ണൂർ ചെറുവത്തൂർ അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06491 ചെറുവത്തൂർ മംഗലാപുരം സെൻട്രൽ അൺറിസർവ്ഡ് എക്സ്പ്രസ് സ്പെഷ്യൽ

ട്രെയിൻ നമ്പർ 06610 മംഗലാപുരം സെൻട്രൽ കോഴിക്കോട് എക്സ്പ്രസ്

## പരീക്ഷാ തട്ടിപ്പും നികുതി വെട്ടിപ്പും നാണക്കേടുണ്ടാക്കി: മുഖ്യമന്ത്രി

തിരുവനന്തപുരം: പിഎസ്സി പരീക്ഷ തട്ടിപ്പും കോർപ്പറേഷൻ നികുതി വെട്ടിപ്പും പാർട്ടിക്ക് കളങ്കമുണ്ടാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ. സിപിഎം തിരുവനന്തപുരം ജില്ലാ സമ്മേളനത്തിലാണ് മുഖ്യമന്ത്രി വിമർശനം ഉന്നയിച്ചത്.

ദത്ത് വിവാദത്തിലും മുഖ്യമന്ത്രി കുറ്റപ്പെടുത്തൽ നടത്തി. ഫേസ്ബുക്ക് വ്യക്തി പൂജയ്ക്ക് ഉപയോഗിക്കരുതെന്നും ജില്ലയിലെ ബിജെപിയുടെ വളർച്ചയിൽ ജാഗ്രത പാലിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

അതേസമ!യം, പ്രവർത്തന റിപ്പോർട്ടിൽ മുൻഎംപി എ. സമ്പത്തിന് നേരെ രൂക്ഷ വിമർശനമുണ്ടായി. സംഘടനാ പ്രവർത്തനത്തിൽ വേണ്ട ശ്രദ്ധപുലർത്തുന്നില്ലെന്നാണ് വിമർശനം. ജില്ലാ സെക്രട്ടറി ആനാവൂർ നാഗപ്പനാണ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചത്.

## പാർലമെൻറ് ബജറ്റ് സമ്മേളനം ഈ മാസം 31 ന്; ബജറ്റ് ഫെബ്രുവരി ഒന്നിന്

ന്യൂഡൽഹി: പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 31 ന് ആരംഭിക്കും. ആദ്യദിനത്തിൽ രാഷ്ട്രപതി ഇരുസഭകളെയും അഭിസംബോധന ചെയ്യും.

ഏപ്രിൽ എട്ടിന് ബജറ്റ് സമ്മേളനം അവസാനിക്കും. സമ്മേളനത്തിൻറെ ആദ്യ ഘട്ടം 31 ന് ആരംഭിച്ച് ഫെബ്രുവരി 11ന് അവസാനിക്കും. മാർച്ച് 14 ന് ആരംഭിക്കുന്ന രണ്ടാം ഘട്ട സമ്മേളനം ഏപ്രിൽ എട്ടിന് അവസാനിക്കും.

ഫെബ്രുവരി ഒന്നിന് കേന്ദ്രബജറ്റ് അവതരിപ്പിക്കും. ഹോളി പ്രമാണിച്ച് മാർച്ച് 18 ന് സഭ ചേരില്ല.

ഡൽഹിയിലുൾപ്പെടെ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിലാണ് സഭ ചേരുന്നത്. അടുത്തിടെ പാർലമെൻറിലെ 400ലധികം ജീവനക്കാർക്ക് കോവിഡ് ബാധിച്ചിരുന്നു.

## എണ്ണ ശുദ്ധീകരണ ശാലയിൽ തീപിടിത്തം: രണ്ടു ഇന്ത്യക്കാർ മരിച്ചു

കുവൈത്ത് സിറ്റി : എണ്ണ ശുദ്ധീകരണ ശാലയിൽ ഉണ്ടായ തീപിടിത്തത്തിൽ രണ്ടു ഇന്ത്യക്കാർ മരിച്ചു. കുവൈത്ത് നാഷണൽ പെട്രോളിയം കമ്പനിയുടെ മിന അഹമ്മദി 32 ഗ്യാസ് ദ്രവീകൃത യൂണിറ്റിൽ ആണ് അപകടമുണ്ടായത്.

10 പേർക്ക് പരിക്കേറ്റു. ഗുരുതരമായി പരിക്കേറ്റ അഞ്ചു പേർ സബാഹ് ആരോഗ്യമേഖലയിലെ അൽ ബാബ്!തൈൻ ബേൺ ആശുപത്രിയിൽ ചികിത്സയിലാണ്. കുവൈത്ത് എണ്ണ മന്ത്രി ഡോ. മുഹമ്മദ് അബ്ദുല്ലത്തീഫ് അൽ ഫാരിസ്, ഇന്ത്യൻ അംബാസഡർ സിബി ജോർജ് എന്നിവർ ആശുപത്രിയിൽ സന്ദർശനം നടത്തി.

## വിമതരുടെ പ്രവേശനോത്സവം; സമാജ്‌വാദി പാർട്ടിക്കാർക്കെതിരെ കേസ്

ലക്നോ: ബിജെപിയിൽനിന്നും എത്തിയ വിമത നേതാക്കളുടെ പാർട്ടി പ്രവേശനത്തിനായി ഒത്തുകൂടിയ സമാജ്‌വാദി പാർട്ടി പ്രവർത്തകർക്കെതിരെ കേസ്. കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് ഒത്തുചേർന്നതിനാണ് കേസെടുത്തിരിക്കുന്നത്.

2,500 പേർക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടതിൻ പ്രകാരമാണ് കേസെടുത്തത്. ലക്നോവിലെ പാർട്ടി ആസ്ഥാനത്താണ് കോവിഡ് ചട്ടങ്ങൾ കാറ്റിൽപ്പറത്തി 'പ്രവേശനോത്സവം' നടത്തിയത്. നൂറുകണക്കിന് പാർട്ടി പ്രവർത്തകരാണ് എസ്പി ഓഫീസിൽ ഒത്തുകൂടിയത്. അവരിൽ ഭൂരിഭാഗം പേരും മാസ്ക് ധരിക്കാതെയും സാമൂഹിക അകലം പാലിക്കാതെയുമാണ് പങ്കെടുത്തത്. ഇതിൻറെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു.

യോഗി മന്ത്രിസഭയിലെ മന്ത്രിമാരായിരുന്ന സ്വാമി പ്രസാദ് മൗര്യ, ധരം സിംഗ് സൈനി എന്നിവരും അഞ്ച് ബിജെപി എംഎൽഎമാരും ഒരു അപ്നാ ദൾ എംഎൽഎയുമാണ് ഇന്ന് എസ്പിയിൽ ചേർന്നത്. സമാജ്‌വാദി പാർട്ടി തലവൻ അഖിലേഷ് യാദവിൻറെ സാന്നിധ്യത്തിലായിരുന്നു പാർട്ടി പ്രവേശം. ബിജെപിയിൽ നിന്നും രാജി വെച്ച കാൺപൂർ എംഎൽഎ ഭഗവതി സാഗർ, ബിധുന എംഎൽഎ വിനയ് ശാക്യ, തിൽഹാർ എംഎൽഎ റോഷൻ ലാൽ വർമ, ഷിഖോഹബാദ് എംഎൽഎ മുകേഷ് വർമ, ബിജെപി സഖ്യകക്ഷിയായ അപ്ന ദളിൽ നിന്നുമുള്ള ഷോറത്ഗഞ്ച് എംഎൽഎ അമർ സിംഗ് ചൗധരി എന്നിവരും സമാജ്‌വാദിപാർട്ടിയിൽ അംഗങ്ങളായി. ഇന്ത്യയുടെ ഭരണഘടനയെയും, ജനാധിപത്യത്തെയും ദളിത് ജനവിഭാഗങ്ങളുടെ താത്പര്യത്തെയും സംരക്ഷിക്കുന്നതിനാണ് സമാജ് വാദി പാർട്ടിയിൽ ചേർന്നതെന്ന് ആയുഷ് മന്ത്രിയും നാകുർ എംഎൽഎയുമായ ധരം സിംഗ് സൈനിപറഞ്ഞു.

# കോവിഡ്:നിയന്ത്രണങ്ങളുമായി സർക്കാർ

സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം ജില്ലകളിലാണ് കോവിഡ് വ്യാപനം ഏറ്റവും അധികമുള്ളത്.

കോവിഡുമായി ബന്ധപ്പെട്ട ഡാറ്റാ കോവിഡ് ജാഗ്രതാ പോർട്ടലിലൂടെ ആരോഗ്യ വകുപ്പ് പോലീസ്, തദ്ദേശ സ്വയംഭരണം, റവന്യൂ തുടങ്ങി ബന്ധപ്പെട്ട വകുപ്പുകൾക്ക് ലഭ്യമാക്കേണ്ടതാണ്. കോവിഡ് ക്ലസ്റ്ററുകൾ കണ്ടെത്തി ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ ജില്ലാ കളക്ടർമാരോട് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

സർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്ന ഗർഭിണികൾക്ക് വർക്ക് ഫ്രം ഹോം സംവിധാനം അനുവദിക്കും.

സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലേതുൾപ്പെടെ എല്ലാ ഔദ്യോഗിക പരിപാടികളും ചടങ്ങുകളും ഓൺലൈൻ ആയി നടത്തേണ്ടതാണ്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 20 ൽ കൂടുതലുള്ള ജില്ലകളിൽ സാമൂഹ്യ, സാംസ്കാരിക, സാമുദായിക പരിപാടികൾക്കും വിവാഹം, മരണാനന്തര ചടങ്ങുകൾ എന്നിവയുടേത് പോലെ 50 പേരായി പരിമിതപ്പെടുത്തും. കൂടുതൽ പേർ പങ്കെടുക്കേണ്ട നിർബന്ധിത സാഹചര്യങ്ങളിൽ പ്രത്യേക അനുവാദം വാങ്ങണം. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 30 ൽ കൂടുതൽ വന്നാൽ പൊതുപരിപാടികൾ നടത്താൻ അനുവദിക്കില്ല.

എല്ലാ വ്യാപാര സ്ഥാപനങ്ങളും ഓൺലൈൻ ബുക്കിങ്ങും വിൽപ്പനയും പ്രോത്സാഹിപ്പിക്കേണ്ടതാണ്. മാളുകളിൽ ജനത്തിരക്ക് ഉണ്ടാകാത്ത രീതിയിൽ 25 സ്ക്വയർ ഫീറ്റിന് ഒരാളെന്ന നിലയിൽ നിശ്ചയിക്കേണ്ടതും അതനുസരിച്ചു മാത്രം ആളുകളെ പ്രവേശിപ്പിക്കേണ്ടതുമാണ്. ഇത് ജില്ലാ ഭരണ കൂടം ഉറപ്പു വരുത്തണം.

കോവിഡ് വ്യാപനം വർദ്ധിച്ച സാഹചര്യത്തിൽ ശബരിമലയിൽ ജനുവരി 16 മുതൽ നേരത്തെ ഓൺലൈൻ ബുക്കിംഗ് ചെയ്തവർക്ക് സന്ദർശനം മാറ്റി വെയ്ക്കാൻ അഭ്യർഥിച്ച് സന്ദേശം അയക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് മുഖ്യമന്ത്രി നിർദ്ദേശിച്ചു. പ്രവേശിപ്പിക്കാവുന്നവരുടെ എണ്ണം ചർച്ചയിലൂടെ നിശ്ചയിക്കും.

ഒമിക്രോൺ വ്യാപിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നുണ്ട്. ജില്ലകളിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നുണ്ട്. നിലവിലെ കോവിഡ് വ്യാപന സാഹചര്യത്തിൽ വാർഡ് തല സമിതികളുടെ സഹകരണം അനിവാര്യമാണ്.

10, 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് വാക്സിൻ സ്കൂളിൽ പോയി കൊടുക്കാൻ ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ ഏകോപിച്ച് മുൻകൈയെടുക്കണമെന്നും മുഖ്യമന്ത്രി നിർദ്ദേശിച്ചു.



ദേശീയ യുവജന ദിനത്തോടനുബന്ധിച്ച് കേരളസംസ്ഥാന യുവജനകമ്മീഷൻ സംസ്ഥാനത്തെ യുവജനങ്ങൾക്കായി നടത്തിയ ഇ.എം.എസ്സ്. മെമ്മോറിയൽ പ്രസംഗ മത്സരത്തിലെ വിജയികൾക്കുള്ള സമ്മാനദാനം കമ്മീഷൻ അദ്ധ്യക്ഷ ചിന്ത ജെറോം നിർവ്വഹിക്കുന്നു

ഒന്നാം സ്ഥാനം - പത്തനംതിട്ട സ്വദേശിയും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വിദ്യാർത്ഥിയുമായ അർജുൻ എസ്.നായർ

# അനുസ്മരണ സദസ് സംഘടിപ്പിച്ചു

നെടുമങ്ങാട്: മൂഴിയിൽ റസിഡന്റ്സ് വെൽഫെയർ സഹകരണ സംഘത്തിന്റെ ഡയറക്ടർ ബോർഡ് അംഗമായിരുന്ന ഊരാളിക്കോണം എൽ ബാബു, മാവേലിക്കോണം ഗോപിനാഥൻ, പള്ളിമുക്ക് ഗോപിനാഥൻ, തച്ചിനകം ഭാരതി എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു കൊണ്ട് അനുസ്മരണ യോഗം സംഘടിപ്പിച്ചു. ആനാട് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കൊല്ലംകാവ് അനിൽകുമാർ ഉദ്ഘാടനം ചെയ്തു. സൊസൈറ്റി പ്രസിഡന്റ് മൂഴിയിൽ മുഹമ്മദ് ഷിബു അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അശ്വതി രഞ്ജിത്ത്, സീനിയർ കോ ഓപറേറ്റീവ് ഇൻസ്പെക്ടർ എം എസ് പ്രശാന്ത്, പുലിപ്പാറ യൂസഫ്, ഉണ്ണികൃഷ്ണൻ ആമ്പാടി, അനസ് മൂഴിയിൽ, ജെ ബാബു, സയ്യിദത്ത് ബീവി, രജനി സത്യൻ, സജിന ബീവി, രാമചന്ദ്രൻ, പള്ളിമുക്ക് ഗീതകുമാരി എന്നിവർ സംസാരിച്ചു.

# കോട്ടൺഹിൽ എൽപി സ്കൂളിൽ ഹാലോ ഇംഗ്ലീഷിന് തുടക്കം കുറിച്ചു

തിരുവനന്തപുരം: മലയാള ഭാഷയോടൊപ്പം മറ്റു ഭാഷകളും അനായാസം സ്വായത്തമാക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഹാലോ ഇംഗ്ലീഷ് എന്ന പദ്ധതിക്ക് ഇന്നലെ കോട്ടൺഹിൽ എൽപി സ്കൂളിൽ തുടക്കം കുറിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ വച്ച് കൗൺസിലർ അഡ്വ. രാഖി രവികുമാർ ഉദ്ഘാടനം ചെയ്തു. എഇഒ ആർ ഗോപകുമാർ, ഹെഡ്മാസ്റ്റർ ബുഹാരി, പിടിഎ പ്രസിഡന്റ് എസ് എസ് അനോജ്, ഷിജിനാ പ്രീത്, ദിവ്യ എസ് ബാബു എന്നിവർ സംസാരിച്ചു.

കുട്ടികൾ നടത്തിയ യോഗ നടപടികളിൽ ആയിഷാ ബുഹാരി അധ്യക്ഷത വഹിച്ചു. അമാന ഫാത്തിമ സ്വാഗതവും നീലിമ നന്ദിയും പറഞ്ഞു.

## ഒഴിവ്

തിരുവനന്തപുരം ജില്ലയിലെ ഒരു സർക്കാർ സ്ഥാപനത്തിൽ പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഭിന്നശേഷി വിഭാഗം 40% 70% ലോവർ ലിംബ് വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ള ഒരു താത്കാലിക ഒഴിവുണ്ട്. ഈ വിഭാഗത്തിലെ ഉദ്യോഗാർഥികളുടെ അഭാവത്തിൽ ശാരീരിക വൈകല്യം/ കാഴ്ച വൈകല്യം/ ബധിരമൂക വിഭാഗത്തിലുള്ളവരെയും പരിഗണിക്കും. പ്രായപരിധി 01.01.2021ന് 41 വയസു കവിയാൻ പാടില്ല (നിയമാനുസൃത വയസിളവ് സഹിതം). ശമ്പള സ്കെയിൽ 15,600 39,100. യോഗ്യത: പബ്ലിക് ഹെൽത്ത് ഡെന്റിസ്ട്രിയിൽ എം.ഡി.എസ്.

# റേഷൻ വിതരണത്തിൽ 18 വരെ ക്രമീകരണം : ഏഴ് ജില്ലകളിൽ റേഷൻ കടകൾ ഉച്ചവരെ, ഏഴിടത്ത് ഉച്ചയ്ക്കുശേഷം

തിരുവനന്തപുരം: സെർവറിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം സംസ്ഥാനത്ത് ചിലയിടത്ത് റേഷൻ വിതരണത്തിൽ പ്രശ്നങ്ങൾ ഉണ്ടായത് പൂർണമായി പരിഹരിക്കാനായി അഞ്ച് ദിവസത്തേക്ക് റേഷൻ കടകളുടെ പ്രവർത്തന സമയം പുനഃക്രമീകരിച്ചതായി ഭക്ഷ്യ മന്ത്രി ജി ആർ അനിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. 18 വരെയാണ് ക്രമീകരണം. മലപ്പുറം, തൃശൂർ, പാലക്കാട്, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, വയനാട് ജില്ലകളിലെ റേഷൻ കടകൾ പകൽ 8.30 മുതൽ 12 വരെയും എറണാകുളം, കോഴിക്കോട്, തിരുവനന്തപുരം, കണ്ണൂർ, കോട്ടയം, കാസർകോട്, ഇടുക്കി ജില്ലകളിലെ റേഷൻ കടകൾ വൈകിട്ട് 3.30 മുതൽ 6.30 വരെയുമാണ് പ്രവർത്തിക്കേണ്ടത്.

ഹൈദരാബാദിലെ എൻഐസിയുടെ സെർവറിലൂടെയാണ് ഇ പോസ് മെഷീന്റെ വിവര വിശകലനം നടക്കുന്നത്. സെർവർ ശേഷിയുമായി ബന്ധപ്പെട്ടാണ് പ്രശ്നങ്ങൾ. പ്രശ്നങ്ങൾ ഏറെക്കുറെ പരിഹരിച്ചിട്ടുണ്ട്. നിലവിലുണ്ടായ സാങ്കേതിക തകരാർ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായാണ് സമയക്രമീകരണമെന്നും മന്ത്രി പറഞ്ഞു.

റേഷൻ കടകൾ മുന്നറിയിപ്പില്ലാതെ അടച്ചിടുന്നത് അനുവദിക്കാനാവില്ലെന്ന് അദ്ദേഹം പറ!ഞ്ഞു. സാങ്കേതിക തകരാറുകളുടെ പേരിൽ കട അടച്ചിടാൻ ആഹ്വാനം ചെയ്യുന്നത് മനപ്പൂർവം കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കാനാണ്. ഇ പോസ് മെഷീൻ തകരാറായാൽ മാന്വലായി റേഷൻ വിതരണം നടത്താൻ അനുദിക്കണമെന്ന ആവശ്യം ഉയർത്തുന്നവരുണ്ട്. ഇത് വ്യാപകമായ ക്രമക്കേടുകൾക്ക് ഇടയാക്കും. ദേശീയ ഭക്ഷ്യഭദ്രതാ നിയമം ഇത് അനുവദിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു.

ഇ പോസ് മെഷീനിൽ വിരലടയാളം പതിപ്പിച്ച് ആളെ തിരിച്ചറിഞ്ഞാണ് റേഷൻ വിതരണം നടക്കുന്നത്. ഈ സംവിധാനത്തിലൂടെ മേഖലയിലെ തെറ്റായ പ്രവണതകൾ വലിയൊരു അളവോളം ഇല്ലാതാക്കാൻ കഴിഞ്ഞെന്നും അദ്ദേഹം പറഞ്ഞു.

# വൈദ്യുതി ബിൽ തുക വ്യാജസന്ദേശങ്ങൾ: ഉപഭോക്താക്കൾ ശ്രദ്ധിക്കണമെന്ന് കെഎസ്ഇബി

തിരുവനന്തപുരം: കെഎസ്ഇബി ഉപഭോക്താക്കളിൽ നിന്നും ബോർഡ് ജീവനക്കാർ എന്ന വ്യാജേനയും വ്യജ എസ്എംഎസ് സന്ദേശങ്ങൾ വഴിയും പണം തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഉപഭോക്താക്കൾ ജാഗ്രത പുലർത്തണമെന്നും കെഎസ്ഇബി.

ചില ബോർഡു ജീവനക്കാർ ഉപഭോക്താക്കളിൽ നിന്നും നേരിട്ട് ബിൽത്തുക സ്വീകരിച്ചതിനുശേഷം അത് സെക്ഷനാഫീസിൽ അടയ്ക്കാതെ അനധികൃതമായി കൈവശം വച്ച് ഉപഭോക്താക്കളെ ബുദ്ധിമുട്ടിക്കുന്നതായും പരാതികൾ ലഭിച്ചിട്ടുണ്ട്.

ഉപഭോക്താക്കൾ ബിൽത്തുക നേരിട്ട് കെഎസ്ഇബിഎൽ കൗണ്ടറുകളിൽ നേരിട്ടോ ഓൺലൈൻ വഴിയോ അടയ്ക്കുവാൻ ശ്രദ്ധിക്കണമെന്നും മറ്റുള്ളവരുടെ കൈവശം ബിൽത്തുക അടയ്ക്കുവാൻ ഏൽപ്പിക്കുന്ന രീതി കഴിവതും ഒഴിവാക്കണമെന്നും അധികൃതർ അറിയിച്ചു.

# പുഴ വീണ്ടെടുക്കൽ പദ്ധതിയുമായി കിളിമാനൂർ ബ്ലോക്ക് സംഘാടക സമിതി യോഗം ചേർന്നു

കിളിമാനൂർ: പുഴ വീണ്ടെടുക്കൽ പദ്ധതിയുടെ ഭാഗമായി കിളിമാനൂർ ബ്ലോക്ക് സംഘാടക സമിതി യോഗം ചേർന്നു. കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ കൈലാസം കുന്നിൽ നിന്ന് ആരംഭിച്ച് മടവൂർ ഗ്രാമപഞ്ചായത്തിലൂടെ നഗരൂർ ഗ്രാമപഞ്ചായത്തിലെ മൂഴിതോട്ടം വഴി വാമനപുരം നദിയിൽ എത്തിച്ചേരുന്ന പുഴയുടെ വീണ്ടെടുപ്പിനായാണ് യോഗം ചേർന്നത്. ബ്ലോക്ക് പ്രസിഡന്റ് ബി പി മുരളി പദ്ധതിയുടെആമുഖാവതരണം നടത്തി. പുഴ കടന്നു പോകുന്ന പഞ്ചായത്തുകളിൽ സമാന്തരമായി ജനകീയ കൂട്ടായ്മയിലൂടെ ഈ മാസം 27ന് പുഴനടത്തം സംഘടിപ്പിക്കാനും ഇതിലൂടെ പുഴയുടെ വീണ്ടെടുപ്പിന് ആവശ്യമായ പദ്ധതികൾ ഏറ്റെടുക്കുന്നതിനും തീരുമാനിച്ചു.

കിളിമാനൂർ ഗ്രാമപഞ്ചായത്തിലെ ആറ് വാർഡുകളും മടവൂർ ഗ്രാമപഞ്ചായത്തിലെ രണ്ട് വാർഡുകളും നഗരൂർ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളും കൂടി കടന്നു പോകുന്ന ഈ തോടിന് കൈ തോടുകൾ ഉൾപ്പെടെ 48.46 കിലോമീറ്റർ നീളം ഉണ്ട്. ഈ തോടിനു സമീപമായി 2912.5 ഹെക്ടർ കൃഷി ചെയ്യുന്നുണ്ട്. 11,050 കുടുംബങ്ങൾ ആണ് മൂന്ന് പഞ്ചായത്തുകൾ കടന്ന് പോകുന്ന ഈ തോടിനു സമീപത്തായി താമസിക്കുന്നത്. പദ്ധതിയുടെ ഡിപിആർ ബ്ലോക്ക് എഇ ജിതിൻ അവതരിപ്പിച്ചു. 180കോടി രൂപയുടെ കരട് പദ്ധതിരേഖയാണ് അവതരിപ്പിക്കുന്നത്. ചർച്ചയിൽ ഉണ്ടാകുന്ന നിർദേശങ്ങൾക്ക് അനുസൃതമായി പദ്ധതിയിൽ മാറ്റം വരുത്തുന്നതാണ്. ഈ മാസം 20ന് മുമ്പ് പ്രാദേശിക സംഘടക സമിതി വാർഡ് തലത്തിൽ രൂപീകരിക്കുകയും തോട് കടന്നുപോകുന്ന ഓരോ കിലോമീറ്റർ ദൈർഘ്യത്തിലും കീഴ് സംഘാടക സമിതി വിളിക്കുകയും ചെയ്യുന്നതിന് തീരുമാനിച്ചു. ഫെബ്രുവരിനാലിന് ജനകീയ കൂട്ടായ്മയിലൂടെ ശുചീകരണ പ്രവർത്തനവും വിളംബര ജാഥയും ഒരുമിച്ച് നടത്തുന്നതിനും തീരുമാനിച്ചു. ബ്ലോക്ക് വൈസ് പ്രസിഡന്റ് ശ്രീജ, വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ തുളസീധരൻ, ബ്ലോക്ക് ഡിവിഷൻ മെമ്പർമാരായമായ എൻ സരളമ്മ, എ ഷീല, ഐഷ റഷീദ് എന്നിവർ യോഗത്തിൽ പങ്കെടുത്തു.

നെടുമങ്ങാട് മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റും ജില്ലാ ആസൂത്രണ ബോർഡ് വൈസ് ചെയർമാനുമായ ബി ബിജു, ഹരിത കേരളം മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഡി ഹുമയൂൺ എന്നിവർ പദ്ധതിയുടെ വിശദീകരണം നടത്തി. കിളിമാനൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി ആർ മനോജ്, മടവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിജു, നഗരൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡി സ്മിത തുടങ്ങിയവർ പങ്കെടുത്തു.

# താലൂക്കോഫീസിനെ മുൾമുനയിൽ നിർത്തി യുവതിയുടെ പരാക്രമം

## എട്ടു കമ്പ്യൂട്ടറുകൾ തകർത്തു

നെടുമങ്ങാട്: മനോനില തെറ്റിയ യുവതിയുടെ പരാക്രമത്തിൽ നെടുമങ്ങാട് താലൂക്ക് ആസ്ഥാനമായ റവന്യൂ ടവർ ഒരു മണിക്കൂറിലേറെ ഭീതിയുടെ മുൾമുനയിലായി. താലൂക്ക് ഇലക്ഷൻ വിഭാഗം ഓഫീസിലും റവന്യൂ റിക്കവറി ഓഫീസിലും അതിക്രമിച്ചു കയറിയ യുവതി കമ്പ്യൂട്ടറുകൾ എറിഞ്ഞുടച്ചു. ഇലക്ഷൻ ഓഫീസിലെ ഏഴും ആർ ആർ ഓഫീസിലെഒന്നും കമ്പ്യൂട്ടറുകളാണ് തകർത്തത്. അനുബന്ധ ഉപകരണങ്ങളായ യുപിഎസ്, പ്രിന്റർ, സ്കാനർ, ഡാറ്റാ ഡ്രൈവ് മുതലായവയും തകർത്തു. സെർവർ കേടായതിനെ തുടർന്ന് താലൂക്കോഫീസിന്റെയും ഇലക്ഷൻ വിഭാഗത്തിന്റെയും പ്രവർത്തനം പൂർണമായി തടസപ്പെട്ടു. വോട്ടർ പട്ടിക തയാറാക്കി സൂക്ഷിച്ചിരുന്ന ഹാർഡ് ഡിസ്കുകൾ ഉൾപ്പടെ നശിപ്പിച്ചതായി ജീവനക്കാർ പറഞ്ഞു.

അര മണിക്കൂറത്തെ പരാക്രമത്തിനൊടുവിൽ ജീവനക്കാർ തടഞ്ഞുവച്ച യുവതിയെ നെടുമങ്ങാട് പൊലീസ് അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. കരകുളം ആറാംകല്ല് ചിത്ര വിലാസത്തിൽ ചിത്ര(37)യാണ് അറസ്റ്റിലായത്.ഇവരുടെ ഭർത്താവ് സന്തോഷ് കുമാർ പിണങ്ങിപ്പോയതിനെ തുടർന്നുണ്ടായ പ്രകോപനമാണ് താലൂക്ക് ഓഫീസ് അക്രമത്തിൽ കലാശിച്ചതെന്ന് നെടുമങ്ങാട് സിഐ രാജേഷ് കുമാറും എസ്ഐ സുനിൽ ഗോപിയും പറഞ്ഞു.

ഇന്നലെ ഉച്ചയ്ക്ക് 12.30 ഓടെ ആക്രോശിച്ചുകൊണ്ട് ആർ ആർ ഓഫീസിലാണ് യുവതി ആദ്യമെത്തിയത്. തൊട്ടടുത്ത ഇലക്ഷൻ ഓഫീസിൽ ഓടിക്കയറി ഉപകരണങ്ങൾ തുരുതുരെ ചുമരിൽ എറിഞ്ഞുടച്ചു. വനിതാ ജീവനക്കാർ അടക്കമുള്ളവർ ഭയചകിതരായി മാറി നിന്നതോടെ സ്ഥലവാസിയായ ഒരു ഓട്ടോ ഡ്രൈവർ രണ്ടും കല്പിച്ച് യുവതിയെ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തി ജീവനക്കാരെ ഏല്പിക്കുകയായിരുന്നു. സംഭവമറിഞ്ഞ് റവന്യൂ ടവറിലെ 20ഓളം ഓഫീസുകളും നിശ്ചലമായി. ഭർത്താവിന്റെ മാനസികവും ശാരീരികവുമായ പീഡനമാണ് തന്റെ മനോനില തെറ്റിച്ചതെന്ന് ചിത്ര പൊലീസിനോട് വെളിപ്പെടുത്തി. സംഭവ സമയം തഹസിൽദാർ അരുണും പ്രധാന ജീവനക്കാരും ഔദ്യോഗിക ആവശ്യത്തിന് പുറത്ത് പോയിരിക്കയായിരുന്നു. കളക്ടറേറ്റിൽ നിന്ന് ടെക്നീഷ്യന്മാർ ഇന്ന് രാവിലെ താലൂക്കോഫീസിലെത്തും. നാശനഷ്ടവും ഡാറ്റാസ് റീ കളക്ഷനും ടെക്നീഷ്യന്മാരുടെ പരിശോധനയ്ക്ക് ശേഷമേ വ്യക്തമാവുകയുള്ളു.

## അഭിമുഖം

ജില്ലയിലെ വിവിധ ബി.ആർ.സികളുടെ പരിധിയിലുള്ള പൊതുവിദ്യാലയങ്ങളിലേയ്ക്ക് എലമെന്ററി, സെക്കന്ററി വിഭാഗം സ്പെഷ്യൽ എഡ്യൂക്കേറ്റർ തസ്തികയിലേക്കുള്ള അഭിമുഖം ജനുവരി 17 രാവിലെ 10.00 മണി മുതൽ എസ്.എസ്.കെ ജില്ലാ കാര്യാലയത്തിൽ നടക്കും. ഫോൺ 04742794098.

## പൾസ് പോളിയോ യോഗം

പൾസ് പോളിയോയുമായി ബന്ധപ്പെട്ട യോഗം ജനുവരി 17 രാവിലെ 11.30ന് ജില്ലാ കലക്ടറുടെ അധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ ചേരുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

# സ്വർണവ്യാപാരിയെ തട്ടിക്കൊണ്ടുപോയി പണം കവർന്ന കേസിൽ രണ്ട് പ്രതികൾ കൂടി അറസ്റ്റിൽ

കാസർകോട്: സ്വർണ വ്യാപാരിയായ മഹാരാഷ്ട്ര സ്വദേശി രാഹുൽ മഹാദേവി ജാവിറിനെ മൊഗ്രാൽപുത്തൂർ കടവത്ത് നിന്ന് കാറിൽ തട്ടിക്കൊണ്ടുപോയി പണം കവർച്ച ചെയ്ത കേസിൽ കൊലക്കേസ് പ്രതി അടക്കം രണ്ടുപേരെ കൂടി അറസ്റ്റ് ചെയ്തു. കുമ്പള കോയിപ്പാടി ശാന്തിപ്പള്ളം ജമീല മൻസിലിൽ സഹീർ റഹ്മാൻ(34), കണ്ണൂർ പുതിയതെരുവിലെ വി വി മുബാറക്(27) എന്നിവരെയാണ് കാസർകോട് ഡിവൈഎസ്പി പി ബാലകൃഷ്ണൻനായരുടെ നിർദേശപ്രകാരം സിഐ പി അജിത്കുമാർ അറസ്റ്റ് ചെയ്തത്. പ്രതികളുടെ അറസ്റ്റ് വിവരം ഇന്നലെ രാവിലെ എസ്പി ഓഫീസിൽ നടത്തിയ വാർത്താസമ്മേളനത്തിലാണ് പ്രഖ്യാപിച്ചത്. ഇതോടെ ഈ കേസിൽ അറസ്റ്റിലായവരുടെ എണ്ണം അഞ്ചായി. കഴിഞ്ഞ ദിവസം ബംഗളുരുവിൽ നിന്നാണ് രണ്ടുപേരെയും കസ്റ്റഡിയിലെടുത്തതെന്ന് പൊലീസ് പറഞ്ഞു.

സ്വർണവ്യാപാരിയുടെ 65 ലക്ഷം രൂപ തട്ടിയെടുത്തെന്നായിരുന്നു കാസർകോട് ടൗൺ പൊലീസ് രജിസ്റ്റർ ചെയ്തിരുന്ന കേസ്. എന്നാൽ ഒരു കോടി 65 ലക്ഷം രൂപയാണ് തട്ടിയെടുത്തതെന്ന് രണ്ട് പ്രതികളും പൊലീസിന് മൊഴി നൽകി. ഇതിൽ 15 ലക്ഷം രൂപ വീതം തങ്ങൾക്ക് ലഭിച്ചതായും പ്രതികൾ സമ്മതിച്ചു.

2021 സെപ്റ്റംബർ 22നാണ് പഴയ സ്വർണാഭരണ ഇടപാടുകൾ നടത്തുന്ന രാഹുൽ മഹാദേവ് ജാവിറിനെ ഇന്നോവ കാറിൽ തട്ടിക്കൊണ്ടുപോയി പണം കവർന്നത്. പൊലീസ് പിന്തുടരുന്ന വിവരമറിഞ്ഞ് സംഘം രാഹുലിനെ പയ്യന്നൂരിൽ ഉപേക്ഷിച്ച ശേഷം കടന്നുകളയുകയായിരുന്നു. സംഭവത്തിൽ 13 പേർക്കെതിരെയാണ് കാസർകോട് ടൗൺ പൊലീസ് കേസെടുത്തത്. ഈ കേസിൽ വയനാട് പനമരം കായക്കുന്നിലെ അഖിൽടോമി(24), തൃശൂർ കുട്ടനെല്ലൂർ എളംതുരുത്തിയിലെ ബിനോയ് സി ബേബി(25), വയനാട് പുൽപ്പള്ളിയിലെ അനുഷാജു(28) എന്നിവർ നേരത്തെ അറസ്റ്റിലായിരുന്നു.

സഹീറിനെയും മുബാറകിനെയും കസ്റ്റഡിയിലെടുത്ത പൊലീസ് സംഘത്തിൽ സിഐക്ക് പുറമെ എസ്ഐ രഞ്ജിത്, എഎസ്ഐമാരായ വിജയൻ, മോഹനൻ, സീനിയർ സിവിൽ പൊലീസ് ഓഫീസർ ശിവകുമാർ, സിവിൽ പൊലീസ് ഓഫീസർമാരായ ഓസ്റ്റിൻ തമ്പി, നിതിൻ സാരംഗ്, പൊലീസ് ഡ്രൈവർ അബ്ദുൾഷുക്കൂർ എന്നിവരും ഉണ്ടായിരുന്നു.

# ഒമിക്രോൺ സാധാരണ പനിയല്ലെന്ന് കേന്ദ്രം

ന്യൂഡൽഹി: ഒമിക്രോൺ ജലദോഷം പോലെയുള്ള പകർച്ചവ്യാധിയാണെന്ന മുതിർന്ന എപ്പിഡമോളജിസ്റ്റിന്റെ പ്രസ്താവന തെറ്റെന്ന് കേന്ദ്ര കോവിഡ് പ്രതിരോധ ദൗത്യം ഉപദേശകൻ ഡോ. വി കെ പോൾ. ഒമിക്രോൺ ജലദോഷം പോലെയുള്ള പകർച്ചവ്യാധിയാണെന്ന് ഐസിഎംആറിന്റെ കീഴിലുള്ള നാഷണൽ ഇൻസിറ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയുടെ ശാസ്ത്രീയ ഉപദേശക സമിതി അധ്യക്ഷൻ ഡോ. ജയപ്രകാശ് മുളിയിൽ പറഞ്ഞിരുന്നു. ഇതിനെ എതിർത്തുകൊണ്ടാണ് വി കെ പോൾ രംഗത്തെത്തിയത്.

ഒമിക്രോൺ സാധാരണ ജലദോഷമല്ല. ഒമിക്രോൺ ജലദോഷം പോലെ നിസാരമാണെന്ന തെറ്റിദ്ധാരണ പരക്കുന്നുണ്ട്. വാക്സിനേഷനാണ് കോവിഡ് പ്രതിരോധത്തിന്റെ പ്രധാനമാർഗമെന്നും മാസ്ക് ധരിക്കുന്നതും വാക്സിനെടുക്കുന്നതും ജാഗ്രതയോടെ തുടരണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കോവിഡിന്റെ ഡെൽറ്റ വകഭേദത്തേക്കാളും അപകടം കുറഞ്ഞതാണ് ഒമിക്രോണെന്നും ഭയപ്പെടേണ്ട സാഹചര്യമില്ലെന്നുമാണ് ജയപ്രകാശ് കഴിഞ്ഞ ദിവസം പറഞ്ഞത്. വളരെ കുറച്ചാളുകൾക്ക് മാത്രമാണ് ആശുപത്രി ചികിത്സ വേണ്ടിവരികയെന്നും ഭയപ്പെടേണ്ട കാര്യമില്ലെന്നും നമ്മുടെ മാനസികനിലയാണ് മാറേണ്ടതെന്നും നമുക്ക് കൈകാര്യം ചെയ്യാവുന്നതാണ് ഒമിക്രോണെന്നും ഡോ. ജയപ്രകാശ് പറഞ്ഞിരുന്നു.




ഹരിവരാസനം അവാർഡ് പുരസ്കാരം ദേവസ്വം മന്ത്രി കെ.രാധാകൃഷ്ണൻ ആലപ്പി രംഗനാഥിന് സമർപ്പിക്കുന്നു ദേവസ്വം പ്രെസിഡൻറ് അഡ്വ:കെ .അന്തഗോപൻ, പ്രമോദ് നാരായൺ,എം.എൽ .എ,കെ.യു ജലീഷ് എം.എൽ.എ,തുടങ്ങിയവർ

# ഹരവരാസനം പുരസ്കാരം സമർപ്പിച്ചു ആലപ്പി രംഗനാഥ് മനുഷ്യമനസ്സിലെ നന്മ ഉണർത്തിയ കലാകാരൻ: മന്ത്രി കെ രാധാകൃഷ്ണൻ

സംഗീതത്തിലൂടെ മനുഷ്യ മനസ്സിലെ നന്മ ഉണർത്തിയ ഉത്തമ കലാകാരനാണ് ആലപ്പി രംഗനാഥനെന്ന് ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ. 2022 ലെ ഹരിവരാസനം പുരസ്കാരം സമർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മനുഷ്യനെ വിമലീകരിക്കുന്നതിൽ സംഗീതത്തിന് ഏറെ പ്രാധാന്യമുണ്ട്. ഇതിന്റെ ഗുണവശങ്ങൾ പ്രയോജനപ്പെടുത്തുന്നതിൽ വിജയച്ചി വ്യക്തിയാണ് ആലപ്പി രംഗനാഥെന്നും ശബരിമല തീർഥാടന കാലത്തെ ഏറ്റവും പ്രധാനപ്പെട്ട മകരവിളക്ക് ദിവസത്തിൽ തന്നെ ഇത്തരം മഹത്തായ ഒരു ഉപഹാരം സമ്മാനിക്കാൻ സാധിച്ചത് നല്ലകാര്യമാണെന്നും മന്ത്രി പറഞ്ഞു.

ഇത്തവണത്തെ തീർഥാടന കാലത്ത് ഭക്തർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കാൻ സർക്കാരിന് സാധിച്ചു. വരുംകാലത്ത് കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

തന്റെ ജീവിതിലെ മഹത്തായ നേട്ടമാണ് ഹരിവരാസനം പുരസ്കാരമെന്നും മനുഷ്യർ ഒന്നാണെന്ന പ്രപഞ്ചസത്യം വിളിച്ചോതുന്ന അയ്യപ്പന്റെ തിരുനടയിൽ പുരസ്കാരം സ്വീകരിക്കാനായത് പുണ്യമാണെന്നും മറുപടി പ്രസംഗത്തിൽ ആലപ്പി രംഗനാഥ് പറഞ്ഞു.


സന്നിധാനം നടപ്പന്തലിലെ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ പ്രമോദ് നായരണൻ എം എൽ എ അധ്യക്ഷത വഹിച്ചു. കെ യു ജിനീഷ് കുമാർ എം എൽ എ ആശംസയർപ്പിച്ച് സംസാരിച്ചു. ദേവസ്വം പ്രസിഡന്റ് കെ അനന്തഗോപൻ സ്വാഗതം പറഞ്ഞു.

പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ പ്രശസ്തിപത്രം പാരായണം നടത്തി.

ദേവസ്വം ബോർഡ് അംഗങ്ങളായ പി എം തങ്കപ്പൻ, കെ മനോജ് ചെരളയിൽ, ശബരിമല സ്പെഷ്യൽ കമ്മീഷ്ണർ എം മനോജ്, തിരുവിതാംകൂർ ദേവസ്വംബോർഡ് കമ്മീഷ്ണർ ബി എസ് പ്രകാശ് തുടങ്ങിയവർ സംസാരിച്ചു.

# കേരളത്തിൽ പിടിവിട്ട് കോവിഡ്; ഇന്ന് 16,338 പേർക്ക് രോഗം, ടിപിആർ 23.68

തിരുവനന്തപുരം: കേരളത്തിൽ വീണ്ടും കോവിഡിൻറെ കുതിച്ചുചാട്ടം. സംസ്ഥാനത്ത് ഇന്ന് 16,338 പേർക്കാണ് കോവിഡ്19 സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 68,971 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റീവിറ്റി നിരക്ക് 23.68 ശതമാനമായി കൂടി.



തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ മൂവായിരത്തിലധികം പേർക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. കോഴിക്കോട്, തൃശൂർ, കോട്ടയം ജില്ലകളിൽ ആയിരത്തിലധികം പേർക്കും കോവിഡ് സ്ഥിരീകരിച്ചു. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,72,295 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,68,657 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 3,638 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 545 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 76,819 കോവിഡ് കേസുകളിൽ, 4.4 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 20 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 179 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 50,568 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 135 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 15,228 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 859 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 116 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 3,848 പേർ രോഗമുക്തി നേടി. ഇതോടെ 76,819 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 52,14,862 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

പോസിറ്റീവ് കേസുകൾ ജില്ല തിരിച്ച്:

തിരുവനന്തപുരം 3556, എറണാകുളം 3198, കോഴിക്കോട് 1567, തൃശൂർ 1389, കോട്ടയം 1103, കൊല്ലം 892, കണ്ണൂർ 787, പത്തനംതിട്ട 774, മലപ്പുറം 708, പാലക്കാട് 703, ആലപ്പുഴ 588, ഇടുക്കി 462, കാസർഗോഡ് 371, വയനാട് 240.

നെഗറ്റീവ് കേസുകൾ ജില്ല തിരിച്ച്:

തിരുവനന്തപുരം 572, കൊല്ലം 32, പത്തനംതിട്ട 329, ആലപ്പുഴ 144, കോട്ടയം 313, ഇടുക്കി 203, എറണാകുളം 976, തൃശൂർ 185, പാലക്കാട് 157, മലപ്പുറം 120, കോഴിക്കോട് 399, വയനാട് 66, കണ്ണൂർ 215, കാസർഗോഡ് 137.

# ഭക്തർക്ക് ദർശന സായൂജ്യമേകി മകരവിളക്ക് തെളിഞ്ഞു

ശരണംവിളിയുടെ ഭക്തി പ്രഹർഷത്തിൽ പതിനായിരങ്ങൾക്ക് ദർശന സായൂജ്യമേകി പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിഞ്ഞു. തിരുവാഭരണ ഭൂഷിതനായ സ്വാമിഅയ്യപ്പനെ ദീപാരാധന തൊഴുത് നിൽക്കവെയായിരുന്നു ആ ദർശന പുണ്യം. ദിനങ്ങളോളം കാത്തുനിന്ന പതിനായിരങ്ങൾ ശരണം വിളികളോടെ മാമലകൾക്കിടയിലെ ജ്യോതിസിനെ എതിരേറ്റു.



തിരുവാഭരണം സന്നിധാനത്ത് എത്തിയനേരം അന്തരീക്ഷം ഭക്തിസാന്ദ്രമായി തീർന്നു. ഭഗവാന്റെ തിരുവുടലിൽ ആഭരണം ചാർത്തി മനംനിറയെ തൊഴാനും പതിനായിരങ്ങൾ ഒഴുകി. ആത്മനിർവൃതിയുടെ ജ്യോതിർദർശനത്തിന് ശേഷം അയ്യപ്പൻമാരും മാളികപ്പുറങ്ങളും കൂട്ടത്തോടെ മലയിറങ്ങിത്തുടങ്ങി.

പന്തളം ശ്രീധർമശാസ്താ ക്ഷേത്രത്തിൽ നിന്നുള്ള തിരുവാഭരണ ഘോഷയാത്രയെ പതിനെട്ടാം പടിയിൽ ദേവസ്വം മന്ത്രി കെ രാധാകൃഷ്ണൻ, എം എൽ എമാരായ പ്രമോദ് നായരണൻ, കെ യു ജിനീഷ് കുമാർ, ദേവസ്വം പ്രസിഡന്റ് കെ അനന്തഗോപൻ, ദേവസ്വം ബോർഡ് അംഗങ്ങളായ പി എം തങ്കപ്പൻ, കെ മനോജ് ചെരളയിൽ, പ്രിൻസിപ്പൽ സെക്രട്ടറി കെ ആർ ജ്യോതിലാൽ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ച ശേഷം സോപാനത്തിൽ ശബരിമല തന്ത്രി കണ്ഠരര് മഹേശ്വരര് മോഹനരര്, മേൽശാന്തി എൻ പരമേശ്വരൻ നമ്പൂതിരി എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. തുടർന്ന് ശ്രീകോവിലിൽ എത്തിച്ചശേഷം അയ്യപ്പസ്വാമിക്ക് തിരുവാഭരണം ചാർത്തി ദീപാരാധന നടത്തിയ സമയത്താണ് പൊന്നമ്പലമേട്ടിൽ മകരജ്യോതി തെളിഞ്ഞത്. ഉച്ച കഴിഞ്ഞ് 2.29 നായിരുന്നു മകരസംക്രമപൂജ. പൂജാവേളയിൽ കവടിയാർ കൊട്ടാരത്തിൽ നിന്ന് കൊണ്ടുവന്ന നെയ്ത്തേങ്ങയിലെ നെയ്യ് അഭിഷേകം ചെയ്തു.

# 112 തീരദേശറോഡുകൾ നാടിന് സമർപ്പിച്ചു

തീരദേശത്തെ അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയുടെ ഭാഗമായി ഹാർബർ എൻജിനിയറിങ് വകുപ്പ് നിർമിച്ച 112 തീരദേശ റോഡുകൾ ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ ഓൺലൈൻ ഉദ്ഘാടനത്തിലൂടെ നാടിന് സമർപ്പിച്ചു. പത്ത് ജില്ലകളിലെ 36 നിയോജക മണ്ഡലങ്ങളിലായാണ് റോഡുകൾ നിർമിച്ചത്. ആകെ 62.7 കിലോമീറ്റർ നീളം വരുന്ന റോഡുകൾ 44.40 കോടി രൂപ ചെലവഴിച്ചാണ് നിർമ്മിച്ചത്. തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കിവരുന്ന പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് തീരദേശ റോഡുകളുടെ നവീകരണ പദ്ധതിയെന്നു മന്ത്രി പറഞ്ഞു. പദ്ധതിയുടെ ഭാഗമായി ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 803 കോടി രൂപ അടങ്കൽ വരുന്ന 1,850 റോഡുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും 1,205 റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ തുടർച്ചയാണ് ഇപ്പോൾ ഉദ്ഘാടനം ചെയ്ത പദ്ധതികളെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഓഖി, പ്രളയം, ചുഴലിക്കാറ്റ്, കോവിഡ് മഹാമാരി എന്നിവ കാരണം ഏറ്റവും കൂടുതൽ കഷ്ടത അനുഭവിക്കുന്ന തീരദേശ ജനതയുടെ സമഗ്ര വികസനത്തിനും ഉന്നതിക്കുമായി ദീർഘവീക്ഷണത്തോടെയുള്ള വിവിധ പദ്ധതികളും ഇടപെടലുകളുമാണ് സർക്കാർ നടത്തി വരുന്നതെന്ന് മന്ത്രി പറഞ്ഞു.

## സ്പെഷ്യൽ എഡ്യൂക്കേറ്റർ നിയമനം

സമഗ്രശിക്ഷാ കേരളം തിരുവനന്തപുരം ജില്ലയിലെ വിവിധ ബി.ആർ.സികളിൽ നിലവിലുള്ള ഐ.ഇ.ഡി.സി എലമെൻഡറി, സെക്കൻഡറി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ ഒഴുവുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തും.

ബിരുദവും സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡും, സാധുവായ ആർ.സി.ഐ രജിസ്ട്രേഷനും അല്ലെങ്കിൽ ബിരുദവും ജനറൽ ബി.എഡും സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമയും സാധുവായ ആർ.സി.ഐ രജിസ്ട്രേഷനും ആണ് സെക്കൻഡറി വിഭാഗത്തിന്റെ യോഗ്യത.

എലമെൻഡറി വിഭാഗത്തിൽ പ്ലസ്ടുവും സ്പെഷ്യൽ എഡ്യൂക്കേഷനിൽ ഡിപ്ലോമയും സാധുവായ ആർ.സി.ഐ രജിസ്ട്രേഷനും ഉള്ളവരെ പരിഗണിക്കും. ജനുവരി 17 ന് രാവിലെ 10 മണിക്ക് ജില്ലാപ്രോജക്ട് ഓഫീസിൽ (ഗവ. ഗേൾസ് എച്ച്.എസ് സ്കൂൾ കോമ്പൗണ്ട്, തിരുവനന്തപുരം) നടത്തുന്ന വാക്ഇൻഇന്റർവ്യൂവിൽ ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി ഹാജരാകണം. ഫോൺ: 0471 2455590, 2455591.

# ദേശീയ വിദ്യാഭ്യാസ നിയമം അടിച്ചേൽപ്പിക്കരുത്: വിജോയ് എംഎൽഎ

കിളിമാനൂർ: ദേശീയ വിദ്യാഭ്യാസ നയം അടിച്ചേൽപ്പിക്കാനുള്ള കേന്ദ്ര ഗവൺമെന്റ് നീക്കങ്ങൾ ആശങ്കാജനകമാണെന്നും നിയമം പുനഃപരിശോധിക്കണമെന്നും അഡ്വ. വി ജോയ് എംഎൽഎ അഭിപ്രായപ്പെട്ടു. കല്ലമ്പലം സംസം ടവറിൽ നടന്ന കേരള അറബിക് മുൻഷീസ് അസോസിയേഷൻ(കെഎംഎംഎ) തിരുവനന്തപുരം ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഭാഷാപഠനത്തിൽ ചില ഭാഷകളെ മാത്രം പ്രോത്സാഹിപ്പിക്കുന്നതും നിലവിൽ നിരവധി വിദ്യാർത്ഥികൾ പഠിക്കുന്ന അറബി പോലെയുള്ള ഭാഷാ പഠനങ്ങളെ പുറന്തള്ളപ്പെടുന്നതുമായ നയങ്ങൾ പ്രതിഷേധാർഹമാണെന്നും അദ്ദേഹം പറഞ്ഞു. ജില്ലാ പ്രസിഡന്റ് ഷഫീർ ഖാസിമി അധ്യക്ഷത വഹിച്ചു.

കടുവയിൽ മുസ്ലിം ജമാഅത്ത് ഇമാം അബൂ റബീഹ് സദഖത്തുള്ള മൗലവി മുഖ്യപ്രഭാഷണം നടത്തി. കെഎംഎംഎ സംസ്ഥാന ജനറൽസെക്രട്ടറി എം തമീമുദ്ദീൻ അവാർഡുകൾ വിതരണം ചെയ്തു. മുൻ സംസ്ഥാന ജനറൽ സെക്രട്ടറി എം ഇമാമുദ്ദീൻ സർവീസിൽ നിന്ന് വിരമിക്കുന്നവർക്ക് ഉപഹാരങ്ങൾ നൽകി. ജില്ലാ സെക്രട്ടറി എസ് നിഹാസ്, എസ് ഹിഷാമുദ്ദീൻ, സുമയ്യ ബീവി, ലൈല ബീവി, സംഗീത റോബർട്ട്, മുനീർ കിളിമാനൂർ, ഉനൈസ ബീഗം, റഫീഖ് വർക്കല, അബ്ദുൽ കലാം, നാജിബ് പള്ളിക്കൽ എന്നിവർ സംസാരിച്ചു.

## പോലീസ് സംരക്ഷണം നൽകണമെന്ന് കമ്മിഷൻ

പട്ടിക വിഭാഗത്തിൽപ്പെട്ട ബിന്ദു അമ്മിണിക്ക് എതിരെ ആസൂത്രിതമായി ആക്രമണങ്ങൾ നടക്കുന്ന സാഹചര്യത്തിൽ പോലീസ് സംരക്ഷണം ഉറപ്പാക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് കേരള സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ കമ്മിഷൻ നിർദ്ദേശം നൽകി. ബിന്ദു അമ്മിണിക്ക് മർദ്ദനമേറ്റ സംഭവത്തിൽ കമ്മീഷൻ സ്വമേധയാ കേസെടുക്കുകയും അന്വേഷണം നടത്തുവാൻ കോഴിക്കോട് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

# പ്രാദേശികത്തനിമയുള്ള ഉത്സവങ്ങളും ഉല്പന്നങ്ങളും കൂട്ടിയിണക്കി ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതി

തിരുവനന്തപുരം: അനുഭവവേദ്യ വിനോദ സഞ്ചാരത്തിന് പ്രാധാന്യം നൽകി സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ പുതിയ പാക്കേജുകളും ഉല്പന്ന വിപണന ശൃംഖലയും ആരംഭിക്കുന്നു. കോവിഡാനന്തര ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന് ലക്ഷ്യമാക്കിയാണ് ഈ പദ്ധതി രൂപപ്പെടുത്തുന്നത്.

ആറന്മുള കണ്ണാടി, പയ്യന്നൂർ പവിത്രമോതിരം തുടങ്ങി പ്രാദേശിക തനിമയുള്ള ഉല്പന്നങ്ങൾ, ഞവര പോലെയുള്ള കാർഷിക വിളകൾ, രാമശ്ശേരി ഇഡ്ഢലി, മറയൂർ ശർക്കര പോലെയുള്ള ഭക്ഷ്യവിഭവങ്ങൾ, ആറ്റ് വേല, കെട്ട് കാഴ്ചകൾ പോലെ പ്രത്യേകതയുള്ള ഉത്സവങ്ങൾ എന്നിവ കോർത്തിണക്കിയുള്ള ടൂർ പാക്കേജുകളും ഉല്പന്ന വിപണന ശൃംഖലയും ഉത്തരവാദിത്ത ടൂറിസം മിഷൻ തയാറാക്കി തദ്ദേശീയവിദേശ വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

ഇവയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്ന വ്യക്തികൾ, കുടുംബങ്ങൾ, സ്ഥാപനങ്ങൾ, ഗ്രൂപ്പുകൾ എന്നിവയ്ക്ക് ഉത്തരവാദിത്ത ടൂറിസം മിഷനിൽ ജനുവരി 30 വരെ രജിസ്റ്റർ ചെയ്യാം.

വിശദ വിവരങ്ങൾക്ക് 0471 2334749 എന്ന ഫോൺ നമ്പരിൽ വിളിക്കുകയോ rt@keralatourism.org എന്ന മെയിൽ ഐഡിയിൽ മെയിൽ അയക്കുകയോ ചെയ്യാം. ഫെബ്രുവരി 20 നുള്ളിൽ പുതിയ പാക്കേജുകൾ പ്രഖ്യാപിക്കുക എന്നതാണ് ലക്ഷ്യമെന്ന് സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കോ ഓർഡിനേറ്റർ കെ രൂപേഷ് കുമാർ അറിയിച്ചു.

# വിമതരുടെ പ്രവേശനോത്സവം; സമാജ്‌വാദി പാർട്ടിക്കാർക്കെതിരെ കേസ്

ലക്നോ: ബിജെപിയിൽ നിന്നും എത്തിയ വിമത നേതാക്കളുടെ പാർട്ടി പ്രവേശനത്തിനായി ഒത്തുകൂടിയ സമാജ്‌വാദി പാർട്ടി പ്രവർത്തകർക്കെതിരെ കേസ്. കോവിഡ് മാനദണ്ഡങ്ങൾ ലംഘിച്ച് ഒത്തുചേർന്നതിനാണ് കേസെടുത്തിരിക്കുന്നത്.




2,500 പേർക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടതിൻ പ്രകാരമാണ് കേസെടുത്തത്. ലക്നോവിലെ പാർട്ടി ആസ്ഥാനത്താണ് കോവിഡ് ചട്ടങ്ങൾ കാറ്റിൽപ്പറത്തി 'പ്രവേശനോത്സവം' നടത്തിയത്. നൂറുകണക്കിന് പാർട്ടി പ്രവർത്തകരാണ് എസ്പി ഓഫീസിൽ ഒത്തുകൂടിയത്. അവരിൽ ഭൂരിഭാഗം പേരും മാസ്ക് ധരിക്കാതെയും സാമൂഹിക അകലം പാലിക്കാതെയുമാണ് പങ്കെടുത്തത്. ഇതിൻറെ ദൃശ്യങ്ങൾ സമൂഹമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചിരുന്നു. യോഗി മന്ത്രിസഭയിലെ മന്ത്രിമാരായിരുന്ന സ്വാമി പ്രസാദ് മൗര്യ, ധരം സിംഗ് സൈനി എന്നിവരും അഞ്ച് ബിജെപി എംഎൽഎമാരും ഒരു അപ്നാദൾ എംഎൽഎയുമാണ് ഇന്ന് എസ്പിയിൽ ചേർന്നത്. സമാജ്‌വാദി പാർട്ടി തലവൻ അഖിലേഷ് യാദവിൻറെ സാന്നിധ്യത്തിലായിരുന്നു പാർട്ടി പ്രവേശം. ബിജെപിയിൽ നിന്നും രാജി വെച്ച കാൺപൂർ എംഎൽഎ ഭഗവതി സാഗർ, ബിധുന എംഎൽഎ വിനയ് ശാക്യ, തിൽഹാർ എംഎൽഎ റോഷൻലാൽ വർമ, ഷിഖോഹബാദ് എംഎൽഎ മുകേഷ് വർമ, ബിജെപി സഖ്യകക്ഷിയായ അപ്ന ദളിൽ നിന്നുമുള്ള ഷോറത്ഗഞ്ജ് എംഎൽഎ അമർ സിംഗ് ചൗധരി എന്നിവരും സമാജ് വാദിപാർട്ടിയിൽ അംഗങ്ങളായി.

ഇന്ത്യയുടെ ഭരണഘടനയെയും, ജനാധിപത്യത്തെയും ദളിത് ജനവിഭാഗങ്ങളുടെ താത്പര്യത്തെയും സംരക്ഷിക്കുന്നതിനാണ് സമാജ് വാദി പാർട്ടിയിൽ ചേർന്നതെന്ന് ആയുഷ് മന്ത്രിയും നാകുർ എംഎൽഎയുമായ ധരം സിംഗ് സൈനിപറഞ്ഞു. രാജിവച്ച മന്ത്രിമരിൽ ഒരാളായ ദാരാ സിംഗ് ചൗഹാൻ ചടങ്ങിൽ പങ്കെടുത്തില്ല.

## പട്ടികജാതി പെൺകുട്ടിയുടെ ആത്മഹത്യ: കമ്മീഷൻ കേസെടുത്തു

തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ യുവാവ് വിവാഹവാഗ്ദാനത്തിൽ നിന്നും പിൻമാറിയതിനെ തുടർന്ന് പട്ടികജാതിയിൽപ്പെട്ട പെൺകുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിൽ പത്രവാർത്തയുടെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികഗോത്രവർഗ കമ്മീഷൻ സ്വമേധയാ കേസെടുത്തു.

വിശദമായ അന്വേഷണം നടത്തി രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് കമ്മീഷൻ നിർദ്ദേശം നൽകി.

# റോഡുസുരക്ഷാമാസാചരണം: മത്സരങ്ങൾ സംഘടിപ്പിക്കുന്നു

ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം (കെ.എസ്.സി.എസ്.ടി.ഇ നാറ്റ്പാക്) റോഡ് സുരക്ഷാവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ജനുവരി 18 മുതൽ ഫെബ്രുവരി 17 വരെ റോഡ് സുരക്ഷാ മാസമായി ആചരിക്കുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്കായി റോഡ് സുരക്ഷയെ ആസ്പദമാക്കി വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെയിന്റിംഗ്, കഥ, കവിത, ഉപന്യാസ രചന, വെർചൽ ക്വിസ്, മുദ്രാവാക്യം സൃഷ്ടിക്കൽ എന്നിവയാണ് മത്സരയിനങ്ങൾ. കോവിഡ്19 ന്റെ സാഹചര്യത്തിൽ ഓൺലൈൻ വഴിയാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. താൽപര്യമുള്ളവർക്ക് ഗൂഗിൾ ഫോം പൂരിപ്പിച്ച് രജിസ്റ്റർ ചെയ്യാം. വിജയികൾക്ക് ക്യാഷ് പ്രൈസുകളും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രത്തിന്റെ (കെ.എസ്.സി.എസ്.ടി.ഇ നാറ്റ്പാക്) വെബ്സൈറ്റ് (www.natpac.kerala.gov.in) സന്ദർശിക്കാം.

# പെരിയ ഇരട്ടക്കൊലക്കേസിലെ പ്രതികളുടെ റിമാൻഡ് നീട്ടി

കൊച്ചി: പെരിയ ഇരട്ടക്കൊലക്കേസിലെ പ്രതികളുടെ റിമാൻഡ് നീട്ടി. 24 പ്രതികളെയും രണ്ടാഴ്ചത്തേക്ക് കൂടി എറണാകുളം സിജെഎം കോടതി റിമാൻഡ് ചെയ്തു. ജയിൽ മാറ്റം വേണമെന്ന അപേക്ഷ പരിഗണിക്കുന്നത് കോടതി ഈ മാസം 25 ലേക്ക് മാറ്റി.നിലവിൽ പ്രതികൾ കണ്ണൂർ സെൻട്രൽ ജയിലിലും കാക്കനാട് ജയിലിലും ആണ് ഉള്ളത്. ഇതിൽ കണ്ണൂർ സെൻട്രൽ ജയിലിൽ ഉള്ള ഒന്നാം പ്രതി ഉൾപ്പടെ 11 പേരെ കാക്കനാട് ജയിലിലേക്ക് മാറ്റണമെന്ന് സിബിഐ അന്വേഷണ സംഘം കോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. കാക്കനാട് ജയിലിൽ കഴിയുന്ന സിപിഐ(എം) എച്ചിലടുക്കം ബ്രാഞ്ച് സെക്രട്ടറി പി രാജേഷ്, പാർട്ടി പ്രവർത്തകരായ വിഷ്ണു സുര, ശാസ്താമധു, റെജി വർഗീസ്, ഹരിപ്രസാദ് എന്നിവർ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷകളാണ് പരിഗണിച്ചത്. കേസിൽ വിവിധ ജയിലുകളിൽ കഴിയുന്നവരുടെ റിമാൻഡ് കാലാവധി തീർന്നതിനാലാണ് കാലാവധി നീട്ടി കോടതി ഉത്തരവിട്ടത്.



അധ്യാപകർക്കും വിദ്യാർഥികൾക്കുമായുള്ള കരിയർ മാസ്റ്റേഴ്സ് ട്രെയിനിങ് പ്രോഗ്രാം, സ്റ്റുഡൻസ് ലീഡർഷിപ്പ് ക്യാമ്പ് എന്നിവ ജവഹർ ബാലഭവനിൽ എം. നൗഷാദ് എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

# മുഖ്യമന്ത്രി വിളിച്ചു, ഗവർണറുടെ പിണക്കം മാറി

തിരുവനന്തപുരം: സർവകലാശാല ചാൻസലർ വിവാദത്തിനു താൽക്കാലിക ശമനം. അനുനയ നീക്കവുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഗവർണർ ആരിഫ് മുഹമ്മദ്ഖാനെ ഫോണിൽ വിളിച്ചു. ഗവർണറുമായി മുഖ്യമന്ത്രി രണ്ടു തവണ ഫോണിൽ സംസാരിച്ചു.

പിന്നീടു മുഖ്യമന്ത്രിയുടെ ഓഫിസിലെ ഉന്നതനെ പ്രത്യേക ദൂതനായി ഗവർണറുടടെ അടുത്തേയ്ക്ക് അയച്ചു കത്തു കൈമാറി. സർവകലാശാലകളുടെ ചാൻസലറായി തുടരണമെന്ന് അഭ്യർഥിച്ചുള്ള കത്താണ് മുഖ്യമന്ത്രി പിണറായി വിജയൻ, ഗവർണർക്കു കൈമാറിയത്. ഇക്കാര്യം ആവശ്യപ്പെട്ടുള്ള നാലാമത്തെ കത്താണിത്.

വെള്ളിയാഴ്ച ഉച്ചയോടെ ഗവർണറെ ഫോണിൽ വിളിച്ചു ചികിത്സയ്ക്കായി അമേരിക്കയിൽ പോകുന്നത് അടക്കമുള്ള കാര്യങ്ങൾ വിശദമായി അറിയിച്ചു. വ്യാഴാഴ്ച കൊച്ചിയിലായിരുന്ന ഗവർണറെ മുഖ്യമന്ത്രി ഫോണിൽ വിളിച്ചു സംസാരിച്ചു തുടങ്ങിയതോടെയാണു മഞ്ഞുരുകിത്തുടങ്ങിയത്. തുടർന്നാണ് ഇന്ന് വിളിച്ചു വിശദമായി സംസാരിച്ചത്.

പിന്നീടാണ് മുഖ്യമന്ത്രിയുടെ ഓഫിസിലെ ഉന്നതനെ ദൂതനായി കത്തുമായി അയച്ചത്. വിദേശത്തു നിന്നു മടങ്ങിയെത്തിയ ശേഷം വിശദമായി സംസാരിക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ, ചാൻസലർ സ്ഥാനത്തു തുടരണമെങ്കിൽ അമിത രാഷ്ട്രീയ ഇടപെടൽ പാടില്ലെന്ന പിടിവാശിയിലാണ് ഗവർണർ.

എന്നാൽ മുഖ്യമന്ത്രി രാജ്ഭവനിലെത്തി ഗവർണറെ നേരിൽ കണ്ടില്ലെന്നതും ശ്രദ്ധേയമാണ്. നേരത്തേ പിണറായി വിജയൻ അമേരിക്കയിൽ ചികിത്സയ്ക്കു പോയപ്പോൾ ഗവർണറെ സന്ദർശിച്ചു വിദേശ സന്ദർശന വിഷയം അറിയിച്ചിരുന്നു. എന്നാൽ, ഇക്കാര്യം ഗവർണറെ അറിയിക്കണമെന്നു ചട്ടമൊന്നുമില്ല.

രണ്ടാഴ്ചയോളം നീളുന്ന ചികിത്സയ്ക്കായി ശനിയാഴ്ച പുലർച്ചെയാണ് പിണറായി വിജയൻ അമേരിക്കയിലെ മയോ ക്ലിനിക്കിലേക്കു പോകുന്നത്. പുലർച്ചെ നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നുള്ള എമിറേറ്റ്സ് വിമാനത്തിൽ ദുബായിയിലെത്തി അവിടെ നിന്നുള്ള കണക്ഷൻ ഫ്ളൈറ്റിൽ യുഎസിലേക്കു പോകുമെന്നാണു യാത്രാ വിവരം.

ഇതിനായി വൈകുന്നേരത്തോടെ തിരുവനന്തപുരത്തു നിന്നു കൊച്ചിയിലേക്കു മുഖ്യമന്ത്രി യാത്ര തിരിച്ചു. ഭാര്യ കമല, പേഴ്സണൽ അസിസ്റ്റൻറ് സുനീഷ് എന്നിവരും ഒപ്പമുണ്ട്.

# മോഷണശ്രമത്തിനിടെ സ്ത്രീയെ കഴുത്തറത്തു കൊലപ്പെടുത്തി; നാല് പേർ അറസ്റ്റിൽ

ന്യൂഡൽഹി: മോഷണശ്രമത്തിനിടെ 52കാരിയായ സ്ത്രീയെ കഴുത്തറത്തു കൊലപ്പെടുത്തിയ നാൽവർ സംഘം അറസ്റ്റിൽ. വടക്കുകിഴക്കൻ ഡൽഹിയിലെ കരവാൽ നഗറിലാണ് സംഭവം. താര ബോധ് എന്ന സ്ത്രീയാണ് കൊല്ലപ്പെട്ടത്.

സംഭവവുമായി ബന്ധപ്പെട്ട് ഉത്തർപ്രദേശിലെ ലോനി സ്വദേശികളായ അമൻ, ആകാശ്, മനീഷ്, വൈഭവ് ജെയിൻ എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. ലോനിയിൽ കേസ് രജിസ്റ്റർ ചെയ്ത ഒരു വയോധികയുടെ കൊലപാതകത്തിലും പങ്കുണ്ടെന്ന് അമനും ആകാശും സമ്മതിച്ചു.

അമൻ സാമ്പത്തിക പ്രതിസന്ധിയിലായിരുന്നു. കൊല്ലപ്പെട്ട സ്ത്രീയുടെ കുടുംബവുമായി ഇയാൾ ബിസിനസ് ആവശ്യങ്ങൾക്കായി ബന്ധപ്പെട്ടിരുന്നു. പിന്നീട് താരാ ബോധിൻറെ വീട്ടിൽ ധാരാളം പണം സൂക്ഷിച്ചിട്ടുണ്ടെന്ന് മനസിലാക്കിയാണ് ഇയാൾ സുഹൃത്തുക്കളുമായി ചേർന്ന് കവർച്ചയ്ക്ക് പദ്ധതിയിട്ടത്.

സംഭവദിവസം ചില വ്യാപാര ഇടപാടുകളുടെ പേരിൽ ഇവർ താരയുടെ വീട്ടിലെത്തി. തുടർന്ന് ഇവരെ ഒരു ഗോഡൗണിലെത്തിച്ചു. അവിടെ വെച്ചാണ് ഇവർ ആക്രമണം നടത്തിയത്.

താരാ ബോധ് ധരിച്ചിരുന്ന ആഭരണങ്ങൾ കവർന്നെടുത്ത പ്രതികൾ പിന്നീട് കത്രിക ഉപയോഗിച്ച് ഇവരുടെ കഴുത്ത് മുറിക്കുകയും ഇഷ്ടിക കൊണ്ട് ആക്രമിക്കുകയുമായിരുന്നു. എന്നാൽ മോഷണം പൂർണമായും നടത്താൻ ഇവർക്ക് സാധിച്ചില്ല. വീട്ടിൽ ഒരു അയൽവാസി എത്തിയതിനെ തുടർന്ന് ഇവർ നാലു പേരും സ്ഥലത്ത് നിന്നും രക്ഷപെടുകയായിരുന്നു.

അയൽവാസിയാണ് സംഭവം പോലീസിൽ അറിയിച്ചത്. രഹസ്യവിവരത്തിൻറെ അടിസ്ഥാനത്തിൽ ഓൾഡ് ഡൽഹി റെയിൽവേ സ്റ്റേഷനു സമീപത്തു നിന്നാണ് അമനെയും മനീഷിനെയും പോലീസ് പിടികൂടിയത്. തുടർന്ന് മറ്റ് രണ്ട് കൂട്ടാളികളും കൂടി പിടിയിലാകുകയായിരുന്നു.

## ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റിന്റെ സ്പോട്ട് രജിസ്ട്രേഷനും ബോധവത്ക്കരണവും

അനെർട്ടിന്റെ 'സൗരതേജസ്', സബ്സിഡിയോട് കൂടി വീടുകളിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിലെ ബോധവൽക്കരണവും സ്പോട്ട് രജിസ്ട്രേഷനും സിവിൽ സ്റ്റേഷനിലെ ജില്ലാ പഞ്ചായത്ത് ഹാളിൽ എ.എം. ആരിഫ് എം.പി ഉദ്ഘാടനം ചെയ്തു. ഈ പദ്ധതിയിലൂടെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി ആദ്യ ഉപഭോക്താവായി അദ്ദേഹം രജിസ്റ്റർ ചെയ്തു. ഉപഭോക്താക്കൾക്ക് ഡെവലപ്പർമാരുമായി നേരിട്ട് സംവദിക്കാനും സൗരോർജ്ജ പ്ലാന്റ് ലഭിക്കുന്നതിനുള്ള രജിസ്ട്രേഷൻ നടത്തുവാനും, താത്പര്യമുള്ള ഡെവലപ്പർമാരെ സെലക്ട് ചെയ്യുവാനുമുള്ള അവസരം പരിപാടിയിൽ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ, അനെർട്ടിന്റെ വിദഗ്ദ്ധ ഉദ്യോഗസ്ഥരുടെ സേവനവും ടആക, ഒഉഎഇ, ഡആജ്ജ തുടങ്ങിയ ബാങ്കുകളുടെ വായ്പ സൗകര്യവും ലഭ്യമാണ്.

## വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ: പഞ്ചസാര കയറ്റുമതി പ്രതിസന്ധിയിൽ

ന്യൂഡൽഹി: വിതരണ ശൃംഖലയിലെ പ്രശ്നങ്ങൾ രാജ്യത്തെ പഞ്ചസാര കയറ്റുമതിക്ക് പ്രഹരമായി. റയിൽവേയുടെ ചരക്കുവാഗണുകൾ ലഭ്യമല്ലാത്തതിനാലാണ് പ്രധാനമായും പഞ്ചസാര നീക്കം തടസപ്പെട്ടത്. ഉയർന്ന ഇന്ധന വില കാരണം മറ്റ് ചരക്കുയാത്രാ സംവിധാനങ്ങൾ ഉപയോഗിച്ച് പഞ്ചസാര തുറമുഖങ്ങളിലെത്തിക്കാൻ വ്യാപാരികൾക്ക് സാധിക്കാത്ത സ്ഥിതിയും കയറ്റുമതിയെ ബാധിക്കുന്നു. കൽക്കരി ഉൾപ്പെടെയുള്ളവയുടെ നീക്കത്തിന് പ്രാമുഖ്യം നല്കുന്നതിനാലാണ് റയിൽ വാഗണുകൾ ലഭ്യമല്ലാത്ത സ്ഥിതിയുണ്ടായത്. സംഭരണ സംവിധാനത്തിന്റെ അഭാവവും പ്രയാസം സൃഷ്ടിക്കുന്നുണ്ട്.

പഞ്ചസാര ഉല്പാദനത്തിൽ ലോകത്ത് രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഇപ്പോഴത്തെ സ്ഥിതി തുടരുകയാണെങ്കിൽ 60 ലക്ഷം ടൺ കയറ്റുമതിയെന്ന ലക്ഷ്യം കൈവരിക്കാനാകില്ലെന്ന് വ്യാപാരി സംഘടനയുടെ പ്രതിനിധി യതിൻ വർധവാന പറഞ്ഞു. ട്രക്കുകളുടെ വാടകയിൽ 30 മുതൽ 40 വരെ ശതമാനം വർധനയാണുണ്ടായത്. ഇതെല്ലാം പ്രതിസന്ധിക്കു കാരണമാണെന്നും അദ്ദേഹം പറഞ്ഞു.

ഒക്ടോബറിലാണ് പഞ്ചസാര കയറ്റുമതി സാധാരണനിലയിൽ ആരംഭിച്ചത്. ഇതുവരെ 40 ലക്ഷം ടൺ പഞ്ചസാര കയറ്റുമതിക്കുള്ള കരാറുകളിലാണ് പ്രാദേശിക മില്ലുകൾ ഏർപ്പെട്ടിട്ടുള്ളത്. നവംബറിലുണ്ടായ കാലവർഷത്തിന്റെയും ഇപ്പോഴത്തെ പ്രതിസന്ധിയുടെയും പശ്ചാത്തലത്തിൽ അത് യഥാസമയം നല്കുവാനാകാത്ത സ്ഥിതിയാണ്. ഈ അവസ്ഥയി കൂടുതൽ കരാറുകളിൽ ഏർപ്പെടുവാൻ മില്ലുകൾ ശങ്കിക്കുന്ന സ്ഥിതിയുമുണ്ട്.

## വ്യാവസായിക സുരക്ഷിതത്വ അവാർഡിന് അപേക്ഷിക്കാം

അപകടരഹിത ആരോഗ്യ സുരക്ഷിതത്വ തൊഴിലിടം എന്ന ലക്ഷ്യം മുൻനിർത്തി മികച്ച തൊഴിൽ സാഹചര്യം ഒരുക്കുന്ന വ്യാവസായശാലകൾക്ക് എല്ലാ വർഷവും ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ് നൽകുന്ന വ്യാവസായിക സുരക്ഷിതത്വ അവാർഡിന് (സേഫ്റ്റി അവാർഡ്) അപേക്ഷ ക്ഷണിച്ചു. വിവിധ വിഭാഗങ്ങളിൽ പത്രമാധ്യമങ്ങൾക്ക് ഉൾപ്പെടെ 35 അവാർഡുകൾക്കാണ് അപേക്ഷ ക്ഷണിച്ചത്. അപേക്ഷയും വിശദവിവരങ്ങളും ംംം.ള മയസലൃമഹമ.ഴീ.ശി ൽ ലഭിക്കും. അപേക്ഷ ഓൺലൈനായി സമർപ്പിക്കാം. ഹാർഡ് കോപ്പിയും അനുബന്ധരേഖകളും സഹിതം വകുപ്പിന്റെ ഡിവിഷണൽ ഇൻസ്പെക്ടർ ഓഫീസുകളിൽ 19 നകം അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 0471 2441597.

## അഡ്മിഷൻ മാറ്റിവച്ചു

തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിൽ 14 നു നടത്താനിരുന്ന ഫൈബർ റീഇൻഫോഴ്സ്ഡ് പ്ലാസ്റ്റിക്ക് സർട്ടിഫിക്കറ്റ് കോഴ്സിലേക്കുള്ള അഡ്മിഷൻ 17ന് രാവിലെ 10ന് നടക്കും. ഫോൺ: 04712360391.

## ദർഘാസ് ക്ഷണിച്ചു

കോഴിക്കോട് ജില്ലയിൽ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ രണ്ട് സ്ഥലങ്ങളിൽ (കള്ളിപ്പാറ അംഗനവാടി, കല്ലംപുല്ല് പുന്നക്കടവ് എസ്.ടി.കോളനി) നാലര ഇഞ്ച് വ്യാസമുള്ള കുഴൽക്കിണറുകൾ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ദർഘാസുകൾ 19 ന് രാവിലെ 10 മണി മുതൽ 21 വരെ ഭൂജല വകുപ്പ്, കോഴിക്കോട് ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാകും. കൂടുതൽ വിശദാംശങ്ങൾക്ക് ഭൂജലവകുപ്പ്, ജില്ലാ ഓഫീസ്, സിവിൽസ്റ്റേഷൻ, കോഴിക്കോട്. ഫോൺ: 0495 2370016.



ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് ജില്ലയിലെ വിവിധസ്കുളുകളിലെ വിദ്യാർത്ഥികൾക്കായി കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടത്തിയ പോസ്റ്റർ ഡിസൈനിംഗ് മത്സരത്തിൽ തിരഞ്ഞെടുപ്പ് ഡെപ്യൂട്ടി കലക്ടർ പി. ആർ. ഗോപാലകൃഷ്ണൻ

# ദക്ഷിണാഫ്രിക്കയ്ക്കു ജയം, പരമ്പര

കേപ്ടൗൺ: ഇന്ത്യക്കെതിരായ കേപ്ടൗൺ ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്കു ജയം. ഒരു ദിവസം ബാക്കിനിൽക്കെ ഏഴു വിക്കറ്റിനാണ് ദക്ഷിണാഫ്രിക്കൻ ജയം. ഇതോടെ മൂന്ന് മത്സരങ്ങളുടെ പരമ്പര 21 ന് ആതിഥേയർ സ്വന്തമാക്കി.

212 റൺസിൻറെ വിജയലക്ഷ്യം പിന്തുടർന്ന പ്രോട്ടീസ് നാലാം ദിനം ആദ്യ സെഷനിൽ തന്നെ കളി തീർത്തു. മൂന്നാംദിനം കളി അവസാനിപ്പിക്കുമ്പോൾ 101/2 എന്ന നിലയിലായിരുന്ന ദക്ഷിണാഫ്രിക്കയ്ക്ക് ഇന്ന് ഒരു വിക്കറ്റ് മാത്രമാണ് നഷ്ടമായത്. കീഗൻ പീറ്റേഴ്സണിൻറെ (82) അർധ സെഞ്ചുറി പ്രകടനമാണ് ആതിഥേയരുടെ വിജയം അനായാസമാക്കിയത്.

പീറ്റേഴ്സണെ ശാർദുൽ ഠാക്കൂർ പുറത്താക്കിയ ശേഷം ദക്ഷിണാഫ്രിക്ക സന്ദർശകർക്ക് പിന്നീടൊരവസരവും നൽകിയില്ല. ബാവുമയും (32) റസി ദസനും (41) ചേർന്ന് ദക്ഷിണാഫ്രിക്കയെ ജയത്തിലേക്ക് നയിച്ചു.

# ഗുജറാത്തിൽ കോവിഡ് കുത്തനെ കൂടി

അഹമ്മദാബാദ്: ഗുജറാത്തിൽ കോവിഡ് കേസുകൾ കുത്തനെ കൂടി. കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ സംസ്ഥാനത്ത് 9,941 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 33 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്. ആകെ 8,85,718 പേർക്കാണ് ഗുജറാത്തിൽ കോവിഡ് സ്ഥിരീകരിച്ചത്. സജീവ രോഗികളുടെ എണ്ണം 43,726 ആയി ഉയർന്നു. മരണസംഖ്യ 10,136 ആയി. നാലു മരണങ്ങളാണ് കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഇതോടെ മരണസംഖ്യ 10,136 ആയി ഉയർന്നു. ഗുജറാത്തിൽ ഒരാഴ്ചയ്ക്കുള്ളിൽ 45,154 കേസുകളുടെ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 51 പേരാണ് നിലവിൽ കോവിഡ് ബാധിച്ച് ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ തുടരുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു ദിവസമായി ഒമിക്രോൺ കേസുകൾ സ്ഥിരീകരിച്ചിട്ടില്ല. ഒമിക്രോൺ പരിശോധന സംവിധാനത്തിന് ക്ഷാമം നേരിടുന്നുവെന്ന വാർത്തകൾക്ക് പിന്നാലെയാണ് കോവിഡ് വ്യാപനം വർധിച്ചിട്ടും രണ്ടുദിവസമായി സംസ്ഥാനത്ത് ഒമിക്രോൺ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന വാർത്തകൾ പുറത്തുവരുന്നത്.

# ബിക്കാനീർ എക്സ്പ്രസ് അപകടം; മരണം ഏഴായി

കോൽക്കത്ത: പശ്ചിമ ബംഗാളിൽ ബിക്കാനീർ ഗോഹട്ടി എക്സ്പ്രസ് ട്രെയിൻ പാളം തെറ്റിയുണ്ടായ അപകടത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി. 45 പേർക്ക് പരിക്കേറ്റു. കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അപകടസ്ഥലം ഇന്ന് രാവിലെ സന്ദർശിക്കും.

അപകടത്തിൽപ്പെട്ട 10 പേരുടെ ആരോഗ്യനില അതീവഗുരുതരാവസ്ഥയിലാണെന്നാണ് റിപ്പോർട്ട്. പരിക്കേറ്റവരിൽ 24 പേരെ ജൽപയ്ഗുരി ജില്ലാ ആശുപത്രിയിലും 16പേരെ മൊയ്നാഗുരി സർക്കാർ ആശുപത്രിയിലും പ്രവേശിപ്പിച്ചു.

അപകടത്തിൽ ഗുരുതര പരിക്കേറ്റവരെ നോർത്ത് ബംഗാളിലെ സിലിഗുരിയിലുള്ള മെഡിക്കൽ കോളജിലേക്കു മാറ്റും. ട്രെയിനിലെ കോച്ചുകൾക്കുള്ളിൽ നിരവധി യാത്രക്കാർ കുടുങ്ങി കിടക്കുന്നതായാണ് വിവരം. ഇവരെ രക്ഷിക്കാനുള്ള ശ്രമം പുരോഗമിക്കുകയാണ്.

വ്യാഴാഴ്ച വൈകുന്നേരം അഞ്ചിന് ബംഗാളിലെ ജൽപായ്ഗുരി ജില്ലയിലെ മൈനാഗുരിക്ക് സമീപമാണ് ട്രെയിൻ പാളം തെറ്റിയത്. 10 ബോഗികളാണ് പാളം തെറ്റിയതെന്ന് വടക്കുകിഴക്കൻ റെയിൽവെ പിആർഒ ഗുനീത് കൗർ പറഞ്ഞു.

രാജസ്ഥാനിലെ ബിക്കാനീറിൽ നിന്ന് പാറ്റ്ന വഴി അസമിലെ ഗോഹട്ടിയിലേക്ക് പോവുകയായിരുന്ന ട്രെയിനാണ് അപകടത്തിൽപ്പെട്ടത്. പാളം തെറ്റിയ ബോഗികൾ ഒന്നിനു മുകളിലൊന്നായി കിടക്കുന്നത് അവിടെനിന്നുള്ള ദൃശ്യങ്ങളിൽ കാണാം. നാട്ടുകാരാണ് ആദ്യം രക്ഷാപ്രവർത്തിന് എത്തിയത്. റെയിൽവെ പോലീസും ദേശീയ ദുരന്തനിവാരണ സേനയും സ്ഥലത്തെത്തിയിരുന്നു. മരിച്ചവരുടെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നഷ്ടപരിഹാരം റെയിൽവെ പ്രഖ്യാപിച്ചു. ഗുരുതര പരിക്കേറ്റവർക്ക് ഒരു ലക്ഷം രൂപയും നിസാര പരിക്കുകൾ ഉള്ളവർക്ക് 25,000 രൂപയും ധനസഹായം നൽകും. സംഭവത്തിൽ അന്വേഷണവും പ്രഖ്യാപിച്ചിട്ടുണ്ട്.

## അസ്ട്രാസെനക്കയുടെ മൂന്നാം ഡോസ് ഒമിക്രോണിനെതിരേ ഫലപ്രദമെന്ന്

ലണ്ടൻ: അസ്ട്രാസെനേക്ക വസിവാരിയ വാക്സിൻ മൂന്നാം ഡോസ് കോവിഡ് 19 ഒമിക്രോൺ വകഭേദത്തിനെതിരേ ഫലപ്രദമെന്നു പഠനം. ഓക്സ്ഫഡ് യൂണിവേഴ്സിറ്റി വികസിപ്പിച്ച വാക്സിൻ മൂന്നാം ഡോസിനെ സംബന്ധിച്ചുള്ള പഠനത്തിൽ സാർസ്കോവ്2 വിൻറെ ബീറ്റ, ഡെൽറ്റ, ആൽഫ, ഗാമ വകഭേദങ്ങൾക്കെതിരേ ഫലപ്രദാണെന്നും കണ്ടെത്തിയിട്ടുണ്ട്.




ചിന്നക്കട ക്ലോക്ക് ടവറിന് സമീപത്ത് സൗരോർജ്ജ വെഹിക്കിൾ ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷൻ മേയർ പ്രസന്ന ഏണസ്റ്റ് ഉദ്ഘാടനം ചെയ്യുന്നു

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.